# ആത്മപ്രകാശിനി

## 2009 മാർച്ച്

ആത്മപ്രകാശിനി പി. ഡി. എഫ് . ആയി താങ്കൾക്ക് എത്തിക്കുന്നതിൽ ഞങ്ങൾക്ക് വളരെ സന്തോഷം ഉണ്ട് . വരിസംഖ്യകൊണ്ടു മാത്രം നടത്തപ്പെടുന്ന ഈ ശുശ്രൂഷ ഇനിയും മുമ്പോട്ട് കൊണ്ടുപോകണമെങ്കിൽ വായനക്കാരുടെ സഹകരണം ആവശ്യമാണ് . ആത്മപ്രകാശിനി പി. ഡി. എഫ് . ആയി ലഭിക്കുന്നവർ ഈ പ്രവർത്തനത്തെ ഓർത്ത് പ്രാർത്ഥിക്കുകയും ഇതിന്റെ സുഗമമായ നടത്തിപ്പിനായി വർഷത്തിൽ ഒരിക്കലെങ്കിലും സാമ്പത്തികമായി സഹകരിക്കുകയും ചെയ്യേണ്ടതാണ് .

**Please send your gift as a DD to:**

**The Manager**
**Athmaprakashini**
**P.B. No. 10**
**Kumbanad**
**Pathanamthitta Dist.**
**Kerala-689 547**
**India**

**Please see the details:**

**Bank: Indian Overseas Bank**
**Branch: Kumbanad**
**SB account no: 1492**
**DD should be in favour of "Athmaprakashini, Kumbanad".**

## അകത്താളുകളിൽ


**ഹാനോക്ക് ദൈവത്തോടുകൂടെ . . . .**
ഡോ. ഒ.എം. ശാമുവേൽ ................. 3

**ആരാധന പുതിയനിയമത്തിൽ**
എസ്. ജി. ഗിൽബർട്ട് ......................... 4

**അപ്പൊസ്തല പ്രവൃത്തികളിലെ. . . . .**
വി.പി. ജേക്കബ് ....................................... 6

**ക്രിസ്തുവിന്റെ സ്ഥാനാപതി**
പി.ഇ. സാംകുട്ടി ................................ 9

**മാളികമുറി പ്രഭാഷണം**
ഡോ. ഒ.എം. ശാമുവേൽ ................. 11

**തിമൊഥെയൊസിന് എഴുതിയ . . . .**
ജേക്കബ് തോമസ് ............................. 14

**കൂടാരത്തിൽ ജീവൻ**
കെ.എ.ഡൊമിനിക് ........................... 15

**സമാധാനം**
രത്നാ ജേക്കബ് ................................. 17

**അനുസ്മരണം**
ഏബ്രഹാം ജോസഫ് ........................ 18

**ബൈബിൾ പ്രശ്നാവലി .................** 19

**വാർത്തകളും, കുറിപ്പുകളും** 21


### *വരിക്കാരുടെ ശ്രദ്ധയ്ക്ക്*

*മാസിക സംബന്ധമായ എല്ലാ എഴുത്തുകുത്തുകളിലും നിങ്ങളുടെ മേൽവിലാസത്തോടൊപ്പം കാണുന്ന രജിസ്റ്റർ നമ്പർകൂടികാണിക്കണം.*

*നിങ്ങളുടെ മേൽവിലാസം മാറുമ്പോൾ പുതിയ വിലാസത്തൊടൊപ്പം പഴയ വിലാസവും ഞങ്ങളെ അറിയിക്കുക. വാർഷിക വരിസംഖ്യ അയച്ചുതരുവാൻ മറക്കരുത്.*

*എല്ലാ മാസവും 10 നു മാസിക തപാലിൽ അയയ്ക്കുന്നു. ഒരാഴ്ചയ്ക്കുള്ളിലും ലഭിച്ചില്ലെങ്കിൽ പോസ്റ്റോഫീസിൽ അന്വേഷിച്ചശേഷം ദയവായി ഞങ്ങളെ അറിയിക്കുക.*


# ആത്മപ്രകാശിനി

**Vol. XXVIII** **No.3**

## 2009 മാർച്ച്

***പത്രാധിപസമിതി***
കെ. എ. ഫിലിപ്പ്
ഡോ. ഒ.എം. ശാമുവേൽ
ഡോ. കെ.സി. ജോൺസൺ

***പബ്ലിഷർ & മാനേജർ***
സി. എ. ജോർജ്ജ്

***ഡി.റ്റി.പി.***
**നെല്ലിമല** ഓഫ്സെറ്റ് പ്രിന്റേഴ്സ്, കുമ്പനാട്
ഫോൺ : 0469 2663308, 94476 00308

***പ്രിന്റിങ്***
എക്സൽ ഓഫ്സെറ്റ് പ്രിന്റേഴ്സ്, ഓമല്ലൂർ
ഫോൺ: 0468 2 350320

**വാർഷിക വരിസംഖ്യ**
ഇന്ത്യയിൽ : 50 രൂപ (മുൻകൂർ)
വിദേശത്ത് : 500 രൂപ (മുൻകൂർ)



***ലേഖനങ്ങൾ അയയ്ക്കേണ്ട വിലാസം***
ഡോ.ഒ. എം. ശാമുവേൽ
പി.ബി.നമ്പർ - 46
സുവിശേഷാലയം
പത്തനംതിട്ട - 689 645
ഫോൺ: 0468 2 224045

**വാർത്തകൾ, വിലാസമാറ്റം, വരിസംഖ്യ സംഭാവന, മാസിക സംബന്ധിച്ച എഴുത്തുകൾ എന്നിവ അയയ്ക്കേണ്ട വിലാസം**

മാനേജർ
**ആത്മപ്രകാശിനി**
പി.ബി.നമ്പർ : 10
കുമ്പനാട് 689 547
ഫോൺ : 0469 2664314 (O)
0469 2664925 (R)

www.athmaprakashini.com
kcjohnson3000@hotmail.com
+919447265500

# ഹാനോക്ക് ദൈവത്തോടുകൂടെ നടന്നു.

ഡോ. ഒ.എം. ശാമുവേൽ

***ഹാ***നോക്കിന്റെ ജീവിത ശൈലി വിശ്വാസികൾക്ക് അനുകരിക്കുവാൻ സാധിക്കുന്ന ഒരു മാതൃകാ ജീവിതമായിരുന്നു. ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ച് ഏദൻ പറുദീസയിൽ ആക്കി. ദൈവത്തോടുകൂടെ നിത്യകാലം വസിക്കുന്നതിനു വേണ്ടിയാണ് ആദാമിനെ സൃഷ്ടിച്ചത്. എന്നാൽ ദൈവഹിതത്തിനെതിരായി ജീവിച്ച് ആദാം പാപം ചെയ്ത് ദൈവതേജസ്സ് നഷ്ടപ്പെട്ടവനായി തീരുകയാണല്ലോ ചെയ്തത്. പാപത്തിൽ വീണുപോയ ആദാമിന്റെ പിൻഗാമികളെക്കുറിച്ച് ഉല്പത്തി 4,5 അദ്ധ്യായങ്ങളിൽ ശ്രദ്ധേയമായ ചില സത്യങ്ങൾ ദൈവാത്മാവ് രേഖപ്പെടുത്തിയിട്ടുണ്ട്. കയീന്റെ വംശാവലിയും ശേത്തിന്റെ വംശാവലിയും തമ്മിലുള്ള അന്തരം വളരെ പ്രകടമാണ്. കയീൻ ദൈവഹിതത്തിനെതിരായി പ്രവർത്തിച്ച വ്യക്തിയായിരുന്നല്ലൊ. കയീന്റെ വംശാവലിയിലുള്ള വ്യക്തികളുടെ ജീവിതത്തെക്കുറിച്ച് കാര്യമായി ഒന്നും തന്നെ നാം വായിക്കുന്നില്ല. ചിലരെ ജനിപ്പിച്ചു എന്നു മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ. ആരുടെയും ആയുഷ്കാലം രേഖപ്പെടുത്തിയിട്ടില്ല. അതേ സമയം 5-ാം അദ്ധ്യായത്തിൽ ദൈവഹിതത്തിനനുസൃതമായി ജീവിച്ച ശേത്തിന്റെ വംശാവലിയിൽ ഓരോരുത്തരുടെയും ആയുഷ്കാലം വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നു. മാത്രവുമല്ല അവരുടെ മരണവും കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നതു ശ്രദ്ധാർഹമാണ്. ദൈവമക്കളുടെ ജീവിതവും മരണവും ദൈവത്തിന് പ്രധാനപ്പെട്ട കാര്യങ്ങളാണ്. ദൈവഹിതത്തിനെതിരായി ജീവിക്കുന്നവരുടെ ജീവിതത്തിനും മരണത്തിനും ദൈവം വില കല്പിക്കുന്നില്ല. യഹോവയുടെ ഭക്തന്മാരുടെ മരണവും അവന് വിലയേറിയതാണ്. അങ്ങനെ ദൈവമക്കളുടെ ജീവിതവും മരണവും ദൈവത്തിന് വിലയേറിയ വസ്തുതകളാണെന്നുള്ളത് എത്ര ആശ്വാസകരമായ സത്യമാണ്.

ഹാനോക്കിനെക്കുറിച്ച് 3 വേദഭാഗങ്ങളിൽ ലഘുവായ വിശദീകരണങ്ങൾ കാണുവാൻ കഴിയും. ഉല്പ. 5:21 ൽ ഹാനോക്ക് ദൈവത്തോടുകൂടെ നടക്കുന്നവനായി ചിത്രീകരിച്ചിരിക്കുന്നു. ഹാനോക്ക് 365 സംവത്സരങ്ങളാണ് ഭൂമിയിൽ ജീവിച്ചത്. ഒരു പക്ഷേ 365 എന്ന സംഖ്യയിൽ നിന്നായിരിക്കാം 1 വർഷത്തിന്റെ ദിവസങ്ങൾ 365 ആയത്. ഏതായാലും 300 സംവത്സരക്കാലം ദൈവത്തോടുകൂടെ നടക്കുവാനുള്ള അസുലഭ സന്ദർഭം തനിക്കു ലഭിച്ചു. എങ്ങനെയാണ് ദൈവത്തോടുകൂടെ നടന്നത്. ആമോസിന്റെ പ്രവചനത്തിൽ 2 പേർ പറഞ്ഞൊത്തിട്ടല്ലാതെ ഒരുമിച്ചു നടക്കുവാൻ സാധിക്കയില്ല എന്നു പറഞ്ഞിരിക്കുന്നതു ശ്രദ്ധിക്കുക. പരസ്പര ധാരണയില്ലാതെ ഒന്നിച്ചു നടക്കുവാൻ സാധിക്കുകയില്ല. ദൈവത്തോടുകൂടെ നടക്കണമെങ്കിൽ ദൈവവുമായി അന്യോന്യ ധാരണയുണ്ടായിരിക്കണം. ദൈവത്തിന്റെ ആഗ്രഹങ്ങളും നമ്മുടെ ജീവിത ദർശനവും തമ്മിൽ ഐകരൂപ്യമുണ്ടായിരിക്കണം. ഹാനോക്കിന്റെ ജീവിതം നമ്മുടെ ജീവിതം പോലെതന്നെ പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഉള്ളതായിരുന്നു. കുടുംബജീവിതം നയിച്ചുകൊണ്ട് തന്നെയാണ് ഹാനോക്ക് ദൈവത്തോടുകൂടെ നടന്നത്. ദൈവത്തോടുകൂടെ നടക്കാൻ നാം മനസ്സുവെച്ചാൽ സാധിക്കാവുന്ന ഒരു കാര്യമാണ്. മാത്രവുമല്ല ഹാനോക്ക് ദൈവത്തെ പ്രസാദിപ്പിച്ചു എന്ന സാക്ഷ്യവും ലഭിച്ചിരുന്നു. ഹാനോക്കിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന രണ്ടാമത്തെ ഭാഗത്താണ് ഈ അനുഗ്രഹീത സത്യം നമുക്ക് കാണാൻ സാധിക്കുന്നത് (എബ്രാ 11:5). ഹാനോക്കിന്റെ ജീവിതം സാക്ഷ്യമുള്ള ജീവിതമായിരുന്നു. പ്രതികൂല സാഹചര്യങ്ങൾ നിറഞ്ഞ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ ആണ് ഹാനോക്കിന് ഈ സാക്ഷ്യം ലഭിച്ചത്. സാക്ഷ്യമുള്ള ജീവിതം ഇന്നത്തെ ഒരാവശ്യമാണ്. അനേകരുടെയും ജീവിതത്തിൽ സാക്ഷ്യമില്ലാത്ത എത്രയെത്ര ജീവിതങ്ങളാണുള്ളത്. ഹാനോക്ക് ദൈവത്തോടുകൂടെ നടന്ന് അനുഗ്രഹീതമായ സാക്ഷ്യവും ലഭിച്ചു.

ഹാനോക്കിനെക്കുറിച്ച് പറയുന്ന 3-ാമത്തെ വേദഭാഗം യൂദായുടെ ലേഖനമാണ്. ഈ ലേഖനത്തിന്റെ 14, 15 വാക്യങ്ങളിൽ ഹാനോക്കിനെക്കുറിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. ആദാം മുതൽ ഏഴാമനായ ഹാനോക്ക് എന്ന പ്രസ്താവന ശ്രദ്ധേയമാണ്. കയീന്റെ വംശാവലിയിലും ഒരു ഹാനോക്കിനെ കാണാൻ കഴിയും. ആ ഹാനോക്ക് ജനിച്ചപ്പോൾ കയീൻ ഒരു പട്ടണം പണിതു. ആ പട്ടണത്തിന് ഹാനോക്കിന്റെ പേരാണ് നൽകിയത്. അതുകൊണ്ടാണ് യൂദായുടെ ലേഖനത്തിൽ ആദാം മുതൽ ഏഴാമനായ ഹാനോക്ക് എന്നു രേഖപ്പെടുത്തിയിരിക്കുന്നത്. ഈ ഭാഗത്ത് ഹാനോക്ക് ഒരു പ്രവചന പ്രസംഗിയാണെന്നു നാം കാണുന്നു. ലോകത്തെ നീതിയിൽ ന്യായം വിധിക്കുവാൻ കർത്താവു വന്നിരിക്കുന്നു എന്നാണ് പ്രസംഗ വിഷയം. യേശുക്രിസ്തുവിന്റെ പുനരാഗമനം സംഭവിച്ചുകഴിഞ്ഞ

# ആരാധന പുതിയ നിയമത്തിൽ (തുടർച്ച)

എസ്. ജി. ഗിൽബർട്ട്, ആറാമട

**എന്താണ് ആരാധന?**

ആരാധന എന്നത് മനുഷ്യന്റെ ഉല്പത്തിയോളം പഴക്കമുള്ള ഒരു വസ്തുതയാണ്. ഒറ്റവാക്കിൽ ഉത്തരം പറയുവാൻ പ്രയാസമുള്ള വിഷയമാണ്. ആരാധന എന്നതിന് വ്യത്യസ്തമായ ചിന്താഗതികളാണ് മനുഷ്യ ഹൃദയങ്ങളിൽ നിറഞ്ഞു നിൽക്കുന്നത്. ക്രൈസ്തവർ മാത്രമല്ല ലോകത്തിലുള്ള എല്ലാ മതക്കാരും അവരവർ വിശ്വസിക്കുന്ന ദൈവത്തെ ആരാധിക്കുന്നുണ്ട്. അതുകൂടാതെ കായികതാരങ്ങളെ, ഗായകരെ, സിനിമാതാരങ്ങളെ, വലിയ രാഷ്ട്രീയ നേതാക്കളെ തുടങ്ങി മതഗുരുക്കന്മാരെ വരെ ആരാധിക്കുന്നവരുണ്ട്.

തിരുവെഴുത്തുമായുള്ള ബന്ധത്തിൽ ആരാധന എന്താണ് എന്നു പറയുമ്പോൾ ആരാധനയ്ക്കായി പഴയനിയമത്തിലും പുതിയനിയമത്തിലും ഉപയോഗിച്ചിരിക്കുന്ന മൂലപദങ്ങളുടെ അർത്ഥവും വിശദീകരണവും അനുസരിച്ചായിരിക്കണം എന്താണ് ആരാധന എന്നു വിശദീകരിക്കാൻ. ഈ വിഷയത്തിന്റെ അർത്ഥവ്യാപ്തി അനുസരിച്ച് 3 നിർവ്വചനങ്ങൾ താഴെ കൊടുക്കുന്നു. അവ മൂന്നും അതതിന്റെ നിലയിൽ ഒരുപോലെ പ്രാധാന്യമർഹിക്കുന്നു.

**1. പൊതുവായ നിർവ്വചനം**

യോഗ്യനായ ഒരു വ്യക്തിക്ക് അവന്റെ യോഗ്യതയ്ക്കു തക്കവണ്ണം മറ്റുള്ളവർ നൽകുന്ന അംഗീകാരം (മൂല്യം) ആണ് ആരാധന.

ദൈവത്തെ മാത്രമല്ലാതെ മറ്റുപലതിനെയും മനുഷ്യർ ഉന്നതമായ സ്ഥാനം നൽകി ആരാധിക്കുന്നുണ്ട്. വിശ്വാസികളും അവിശ്വാസികളും ഒരുപോലെ അറിഞ്ഞും അറിയാതെയും ആരാധിക്കുന്നുണ്ട്.

a. വീരാരാധന. വീരന്മാരെ മനുഷ്യർ ആരാധിക്കുന്നു. വലിയ വീരപരാക്രമങ്ങൾ ചെയ്തിട്ടുള്ള ചിലരെ കണ്ടും മറ്റുചിലരെക്കുറിച്ച് കേട്ടുമുള്ള അറിവു നിമിത്തം അവരെക്കുറിച്ചുള്ള ഒരു മെച്ചമായ സങ്കല്പചിത്രം ഓരോരുത്തരുടെയും മനസ്സിലുണ്ട്. അവരെക്കുറിച്ച് മറ്റാരെങ്കിലും പറയുമ്പോഴോ അല്ലെങ്കിൽ മറ്റുള്ളവരോട് പുകഴ്ത്തി പറഞ്ഞോ ആരാധിക്കാറുണ്ട് ആ വ്യക്തിക്ക് അർഹിക്കുന്ന മഹത്വം കൊടുക്കാറുണ്ട്.

b. സിനിമാ താരങ്ങൾ, കായിക താരങ്ങൾ

ഇങ്ങനെയുള്ളവരുടെ ചിത്രങ്ങൾ തങ്ങളുടെ ഭവനത്തിൽ സൂക്ഷിച്ചും എപ്പോഴും അവരെ ഓർത്തും അവരുടെ മഹത്വത്തെക്കുറിച്ച് ഓർത്തും അവർക്കുവേണ്ടി എന്തിനും തയ്യാറായിട്ടുള്ള ഹൃദയത്തോടെ മഹത്വം നൽകി അവരെ ആദരിക്കുന്നു. എപ്പോഴും അവരുടെ കലാവൈഭവം ഹൃദയത്തിന്റെ അടിത്തട്ടിൽ നിറഞ്ഞു നിൽക്കുന്നു. ഇത് ഒരേ സമയത്ത് ഒരു വ്യക്തിയെ മാത്രമല്ല പല മേഘലകളിൽ ശോഭിക്കുന്നവരെ ഒന്നുപോലെ ആരാധിക്കാൻ സാധിക്കുന്നു. ഇവരെയെല്ലാം അവരുടെ ആരാധകരെന്നാണ് നാം വിളിക്കുന്നത്.

c. ഗുരുക്കന്മാരെയും ഉന്നതന്മാരെയും ആരാധിക്കുന്നു.

മതഗുരുക്കന്മാരെയും ഉന്നതന്മാരായ രാഷ്ട്രീയ നേതാക്കൾ, രാജ്യതന്ത്രജ്ഞന്മാർ, ശാസ്ത്രജ്ഞന്മാർ എന്നിവരെ മനുഷ്യർ ആരാധിക്കുന്നു. ഗുരു

---

തായിട്ടാണ് ഹാനോക്ക് പ്രവചിച്ചത്. യേശുക്രിസ്തുവിന്റെ പുനരാഗമനം ഒരുഭാവികാല സംഭവമായിട്ടാണ് നാം ഗ്രഹിക്കുന്നത്. എന്നാൽ ഹാനോക്കിന്റെ പ്രസംഗത്തിൽ വന്നിരിക്കുന്നു എന്നാണ്. ഇതെങ്ങനെ ശരിയാകും.

റോമർ 8-ാം അദ്ധ്യായത്തിൽ ദൈവമക്കളുടെ തേജസ്കരണത്തെക്കുറിച്ച് പൗലൊസ് പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. മുന്നിയമിച്ചവരെ വിളിച്ചും വിളിച്ചവരെ നീതീകരിച്ചും നീതീകരിച്ചവരെ തേജസ്കരിച്ചുമിരിക്കുന്നു. വിശ്വാസികളുടെ തേജസ്കരണം ഒരു ഭാവികാല സംഭവമാണ്. യേശുക്രിസ്തുവിന്റെ പുനരാഗമന സമയത്ത് നടക്കുവാനിരിക്കുന്നതേയുള്ളൂ. എന്നാൽ നിത്യനായ ദൈവത്തിന്റെ ദൃഷ്ടിയിൽ ഇതെല്ലാം സംഭവിച്ചു കഴിഞ്ഞിരിക്കയാണ്. രണ്ടാം സങ്കീർത്തനത്തിൽ എന്റെ വിശുദ്ധ പർവ്വതമായ സീയോനിൽ ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു എന്നുള്ള പ്രഖ്യാപനവും ഇതുപോലെയുള്ള ഒരു സത്യമാണ്. മാനവ ദൃഷ്ടിയിൽ യേശുക്രിസ്തു രാജാവായി വരുവാൻ പോകുന്നതേയുള്ളൂ. എന്നാൽ ദൈവത്തിന്റ ദൃഷ്ടിയിൽ ഇതു സംഭവിച്ചു കഴിഞ്ഞിരിക്കുന്നു.

ഹാനോക്ക് പുതിയനിയമ ഉപദേശസത്യമായ സഭയുടെ ഉൽപ്രാപണത്തിന്റെ നല്ല ഒരു നിഴലാണല്ലോ? യേശുക്രിസ്തുവിന്റെ പുനരാഗമനത്തിൽ അനേകായിരങ്ങൾ മരണംകാണാതെ രൂപാന്തരശരീരത്തോടുകൂടി ആകാശ മദ്ധ്യത്തിൽ കർത്താവിനെ എതിരേല്പാൻ എടുക്കപ്പെടും. എത്രയോ അനുഗ്രഹീതമായ ഒരു സത്യം. പൗലൊസ് ഈ ഉപദേശത്തെ ഒരു മർമ്മമായി വിശദീകരിച്ചിരിക്കുന്നതു ഇതുകൊണ്ടാണ്. പഴയനിയമത്തിൽ ഈ ഉപദേശം ഇല്ലല്ലോ? പഴയനിയമ വിശ്വാസികൾ മരണാനന്തര പുനരുത്ഥാനത്തിൽ വിശ്വസിച്ചിരുന്നു. ജീവിച്ചിരുന്ന് രൂപാന്തര ശരീരം ലഭിക്കുമെന്നുള്ള പ്രത്യാശ അവർക്കുണ്ടായിരുന്നില്ല. കർത്താവിന്റെ വരവിൽ ഒരുകൂട്ടം വിശ്വാസികൾ മരണം കൂടാതെ രൂപാന്തരശരീരികളായി സ്വർഗ്ഗത്തിൽ പ്രവേശിക്കും. ഹാനോക്കിന്റെ അനുഭവം നമുക്കും ലഭിച്ചിരുന്നെങ്കിൽ എന്നാഗ്രഹിച്ചു പോകയാണ്. ●

ക്കന്മാരെ ആരാധിക്കുന്ന രീതി വിവിധ സഭാവിഭാഗങ്ങളിൽ ഉള്ളവർക്ക് ഉണ്ട് എന്നുള്ളത് ഒരു നഗ്ന സത്യമാണ്. മഹാനായ ഒരു ദൈവദാസന്റെ കഴിവുകളെക്കുറിച്ചും ദൈവം അവനെ ഉപയോഗിച്ചതിനെക്കുറിച്ചും വെറുതെ ഓർത്തതുകൊണ്ട് ആരാധനയാകുന്നില്ല. കഴിവുകളുള്ളവരെയും ദൈവം ഉപയോഗിച്ചവരെയും നമ്മെ നടത്തിയവരേയും ഓർത്തുകൊള്ളാനും അവരുടെ വിശ്വാസം അനുകരിപ്പാനും തിരുവെഴുത്തു പറയുന്നു (എബ്രാ. 13:7). ദൈവത്തിനുമാത്രം കൊടുക്കേണ്ട മഹത്വവും മാനവും ഏതു ഗുരുക്കന്മാർക്കു കൊടുത്താലും അത് ആരാധനയായി മാറും. അത് ദൈവം ഇഷ്ടപ്പെടുന്ന വിഷയമല്ല. ആരാധനയെന്നത് ദൈവത്തിനുമാത്രം അർഹിക്കുന്നതാണ്. ആ സ്ഥാനം സൃഷ്ടികളിൽപ്പെട്ട ആരും ആഗ്രഹിക്കാൻ പാടില്ല. സ്വീകരിക്കാൻ പാടില്ല. അറിഞ്ഞും അറിയാതെയും ദൈവജനം ചിലരെ ആരാധിക്കുന്നില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

d. മിത്ഥ്യാമൂർത്തി ആരാധന

മൂർത്തികളെ അഥവാ വിഗ്രഹാരാധന തെറ്റാണെന്ന് നമുക്കറിയാം. ക്രൈസ്തവരിൽ ഒരു കൂട്ടർ വിഗ്രഹങ്ങളെ ആരാധിക്കുന്നു. ദൈവത്തിനു കൊടുക്കേണ്ട മൂല്യം ദൈവമാണെന്നു സങ്കല്പിച്ചു മൂർത്തികൾക്ക് നൽകുന്നത് തികച്ചും പാതകമാണ്; ദൈവം വെറുക്കുന്നതാണ്.

**2. സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിൽ ആരാധനയ്ക്ക് ഒരു നിർവ്വചനം**

സൃഷ്ടി സ്രഷ്ടാവിന്റെ പാദപീഠത്തിൽ ഇരുന്ന് ഭയത്തോടും ബഹുമാനത്തോടും എല്ലാവിധ ആദരവോടും കൂടെ അവന്റെ മുഖത്ത് ഉറ്റുനോക്കി ഹൃദയത്തിന്റെ അന്തർഭാഗത്തുനിന്നുയരുന്ന ഭക്തിനിർഭരമായ സ്തുതി സ്തോത്രങ്ങൾ അവന്റെ പാദത്തിൽ അർപ്പിച്ച് വീണ് നമസ്ക്കരിക്കുന്നതാണ് ആരാധന.

ആരാധന എന്നത് സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിലുള്ള ഒരു കാര്യമാണ്. സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിലുള്ള ഒരു ആരാധന ചെയ്യുവാൻ ഏവരും കടപ്പെട്ടവരാണ്. ഈ ആരാധനയ്ക്ക് കർത്തൃമേശയുമായി യാതൊരു ബന്ധവുമില്ല.

a. സകല ചരാചങ്ങളും ആരാധിക്കുന്നു.

ദൈവത്തിന്റെ സൃഷ്ടികളിൽ ജീവനുള്ള വസ്തുക്കളും ജീവനില്ലാത്ത വസ്തുക്കളും ഒരുപോലെ ദൈവത്തെ സ്തുതിക്കുവാൻ സങ്കീർത്തനക്കാരൻ ആഹ്വാനം ചെയ്യുന്നു. സൂര്യചന്ദ്രന്മാരെ അവനെ സ്തുതിപ്പിൻ . . . . എന്നു തുടങ്ങി ഭൂമിയിലുള്ള എല്ലാ ജീവജാലങ്ങളും ദൈവത്തെ സ്തുതിക്കുവാൻ പറയുന്നു (സങ്കീ. 148;1-13). സകല ഭൂവാസികളോടും യഹോവയ്ക്ക് ആർപ്പിടാൻ പറയുന്നു (സങ്കീ. 100:1). സൃഷ്ടി ദൈവപുത്രന്മാരുടെ വെളിപ്പാടിനെ ആകാംക്ഷയോടെ കാത്തിരിക്കുന്നു (റോമർ 8:19-22). സൃഷ്ടികൾ ഏതു നിലയിൽ ഏത് അളവിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നുയെന്ന് നമുക്ക് അറിയില്ല. ദൈവം വെളിപ്പെടുത്തിയിട്ടില്ല. ചേതന വസ്തുക്കളെയും അചേതന വസ്തുക്കളെയും അതതിന്റെ നിലയിൽ വച്ചിരിക്കുന്നതനുസരിച്ച് ദൈവത്തെ അവ മഹത്വപ്പെടുത്തുന്നു.

b. മനുഷ്യവർഗ്ഗം

മനുഷ്യവർഗ്ഗത്തിൽ ഒരു ന്യൂനപക്ഷം ദൈവത്തിൽ വിശ്വസിക്കുന്നില്ല. മറ്റുള്ളവർ ദൈവത്തിൽ വിശ്വസിക്കുന്നവരാണ്. ദൈവവിശ്വാസം വ്യക്തിപരമാണ്. അങ്ങനെയെങ്കിൽ ദൈവത്തെ ആരാധിക്കുന്നതും വ്യക്തിപരമാണ്. പ്രപഞ്ചത്തെ സൃഷ്ടിച്ചു പരിപാലിക്കുന്ന ഒരു ദൈവമുണ്ട് എന്ന വിശ്വാസത്താൽ വിഗ്രഹസേവ കൂടാതെ ദൈവത്തെ ആരാധിക്കുന്നവർ ദൈവത്തെയാണ് മഹത്വപ്പെടുത്തുന്നത്. ദൈവം നല്ലവന്റെ മേലും ദുഷ്ടന്മാരുടെ മേലും മഞ്ഞും മഴയും വർഷിപ്പിക്കുന്നു (മത്തായി 5:45-46)

മനുഷ്യവർഗ്ഗം എന്ന നിലയിൽ ആർക്കും ജീവനുള്ള ദൈവത്തെ ആരാധിക്കാം. അതിന്ന് പ്രകൃതിയിൽ ഒരു നിയന്ത്രണവും വെച്ചിട്ടില്ല. ആരാധന വ്യക്തിപരമായ വിഷയമാണ്. ദൈവത്തെ എപ്പോൾ വേണമെങ്കിലും എവിടെ വച്ചുവേണമെങ്കിലും മഹത്വപ്പെടുത്താം. ദൈവത്തിന് അർഹിക്കുന്ന ബഹുമാനവും മഹത്വവും നൽകിക്കൊണ്ട്. സ്തുതിയും സ്തോത്രവും എപ്പോഴൊക്കെ അവന്റെ പാദപീഠത്തിൽ അർപ്പിച്ച് നമസ്ക്കരിക്കാമോ അപ്പോഴൊക്കെയും അവനെ ആരാധിക്കാം. അത് ഒരു വ്യക്തി സ്രഷ്ടാവിന്റെ സന്നിധിയിൽ ചെയ്യേണ്ടതാണ്. അതു ചെയ്യുമ്പോൾ ദൈവം മഹത്വപ്പെടുന്നു. അത് ഒരുവന്റെ സ്വാതന്ത്ര്യമാണ്.

ഒരുവൻ സ്തുതിയും സ്തോത്രവും മാത്രം അർപ്പിച്ച് ആരാധിച്ചാൽ അത് സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ആരാധന മാത്രമാണ്. രക്ഷിക്കപ്പെടുന്നതുവരെ ഒരുവൻ ദൈവത്തെ ആരാധിക്കുന്ന ആരാധനയാണ് സൃഷ്ടി സ്രഷ്ടാവ് ബന്ധത്തിലുള്ള ആരാധന. അതിൽ നിന്നും കുറച്ചുകൂടി ഉയർന്ന നിലയിലുള്ള ആരാധനയാണ് വീണ്ടെടുക്കപ്പെട്ട ദൈവജനത്തിന്റെ ആരാധന. അത് കേവലം ദൈവസന്നിധിയിൽ വന്നിട്ട് സ്തുതിയും സ്തോത്രവും നന്ദിയും മാത്രം അർപ്പിച്ച് നമസ്കരിച്ചതുകൊണ്ട് പൂർണ്ണമാകുന്നില്ല. തിരുവെഴുത്തു വെളിപ്പെടുത്തിയിരിക്കുന്ന ദിവ്യമായ ആരാധന കർത്തൃമേശയോടു ചേർന്നു നടക്കുന്ന ഒന്നാണ്. (തുടരും)

# "അപ്പൊസ്തല പ്രവൃത്തി"കളിലെ സ്വർണ്ണമണികൾ-21

## 14. തിരുവെഴുത്തുകളിൽ സമർത്ഥനായ അപ്പൊല്ലോസ്

**വി.പി. ജേക്കബ്**

"അലക്സാന്ത്രിയക്കാരനായി വാഗ്വൈഭവവും തിരുവെഴുത്തുകളിൽ സാമർത്ഥ്യവുമുള്ള അപ്പൊല്ലോസ് എന്നു പേരുള്ളോരു യഹൂദൻ എഫെസൊസിൽ എത്തി" (പ്രവൃ. 18:24). അപ്പൊല്ലോസ് എന്ന വ്യക്തിയെക്കുറിച്ചുള്ള ഒരു നല്ല പരിചയപ്പെടുത്തലാണ് പ്രസ്തുത വാക്യം. അവൻ അലക്സന്ത്രിയാക്കാരൻ ആയിരുന്നു. ഗ്രീക്ക് സംസ്കാരം സാഹിത്യം എന്നിവയുടെ ഒരു കേന്ദ്രമായിരുന്നു ആ നഗരം. അത്തരം ഒരു പശ്ചാത്തലം അപ്പൊല്ലോസിനെ ആകൃതിപ്പെടുത്തുന്നതിന് ഒരു നല്ല പങ്കു വഹിച്ചു. വിവിധ ഘടകങ്ങളാണ് ഏതു മനുഷ്യനെയും ആകൃതിപ്പെടുത്തുന്നത് എന്ന സത്യം ചരിത്രം പഠിച്ചാൽ നമുക്ക് മനസ്സിലാക്കാം. പരിമിതനായ മനുഷ്യൻ കാര്യങ്ങളുടെ മദ്ധ്യം മാത്രം കാണുന്നു. എന്നാൽ അപരിമിതനായ ദൈവം കാര്യങ്ങളുടെ ആദിമുതൽ അവസാനം വരെ ഒറ്റ നോട്ടത്തിന് കാണുന്നു. മനുഷ്യവ്യാകരണത്തിന് ഭൂതം വർത്തമാനം ഭാവി എന്നീ 3 കാലങ്ങൾ ഉണ്ട്. എന്നാൽ ദൈവത്തിന് ഒരു നിത്യമായ വർത്തമാനം മാത്രമേ ഉള്ളൂ.

അപ്പൊല്ലോസ് തിരുവെഴുത്തുകളിൽ സമർത്ഥനായിരുന്നു. ഇംഗ്ലീഷിൽ "mighty" എന്ന പദം ഉപയോഗിച്ചിരിക്കുന്നു. J.N.D., NKJV എന്നീ പരിഭാഷകൾ നോക്കുക. കർണ്ണാടകത്തിൽ "പ്രവീണൻ" എന്ന ശബ്ദം ഉപയോഗിച്ചിരിക്കുന്നു. "powerful" എന്ന പദമാണ് emphatic Diaglott ഉപയോഗിച്ചിരിക്കുന്നത്. ഏതായാലും സാമർത്ഥ്യം എന്ന പദം കൊണ്ട് പ്രതിപാദ്യശബ്ദത്തിൽ അടങ്ങിയിരിക്കുന്ന ആശയങ്ങളെല്ലാം വെളിപ്പെടുന്നില്ല. ശക്തി, ബലം, വല്ലഭത്വം എന്നീ ആശയങ്ങളെല്ലാം ഉൾക്കൊള്ളുന്ന ഒരു പദമാണ് ഇത്. "ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായിത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും അസ്ഥിമജ്ജകളെയും വേർവിടുവിക്കും വരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു" (എബ്രാ. 4:12). ഇത്രമാത്രം ശക്തമായ ഒരു ആയുധം ഏറ്റവും ശരിയായി കൈകാര്യം ചെയ്യുന്നതിനുള്ള പ്രാപ്തിയും വൈദഗ്ധ്യവും കർമ്മകുശലതയുമുള്ള ഒരു കഥാപാത്രമായിരുന്നു അപ്പൊല്ലോസ്. ലാഘവമായി ദൈവവചനം കൈകാര്യം ചെയ്തുകളയാം എന്ന് കരുതുന്നത് ശരിയല്ല. ദൈവവചനത്തോടുള്ള നമ്മുടെ മനോഭാവം എന്തെന്ന് ഒരു സ്വയപരിശോധന നടത്തുന്നത് അനുഗ്രഹവും പ്രയോജനവും ആയിരിക്കും. ലാഘവമായി ഈ വജ്രായുധം കൈകാര്യം ചെയ്തിട്ടുണ്ടെങ്കിൽ നമുക്ക് ദൈവസന്നിധിയിൽ സമ്മതിച്ച് ഏറ്റുപറയുകയും ഒട്ടും താമസിയാതെ അനുതപിക്കുകയും ചെയ്യാം.

അപ്പൊല്ലോസ് പള്ളിയിൽ (സുനഗോഗ്) വച്ച് അക്വില്ലാസിനെയും പ്രീസ്കില്ലയെയും കണ്ടുമുട്ടിയത് അവന്റെ ജീവിതത്തിലെ ഒരുവഴിത്തിരിവായിരുന്നു. കൂടാരപ്പണിക്കാരായ പ്രസ്തുത ദമ്പതികൾ ദൈവത്തിന്റെ മാർഗ്ഗം അധികം സ്പഷ്ടമായി അവന് തെളിയിച്ചുകൊടുത്തു (പ്രവൃ. 18:26). അവർ ചെയ്തത് നല്ലതും വളരെ ആവശ്യമുള്ളതും പ്രയോജനമുള്ളതും എന്നാൽ ഇന്ന് പാടെ അവഗണിക്കപ്പെടുന്നതുമായ ഒരു ശുശ്രൂഷയാണ്. കൂടാരപ്പണിക്കാരായ ദമ്പതികളിൽക്കൂടി ദൈവമാർഗ്ഗം സൂക്ഷ്മമായി പഠിക്കുന്നതിനുള്ള വിനയം ആ വലിയ മനുഷ്യന് ഉണ്ടായിരുന്നു എന്നതാണ് വേദവിദ്യാർത്ഥിയായ എന്നെ ഹഠാൽ ആകർഷിച്ച ഒരു കാര്യം. കൂടാരപ്പണിക്കാർ ഇനി എന്നെ പഠിപ്പിക്കേണ്ട കാര്യമൊന്നുമില്ല എന്ന ഭാവം അപ്പൊല്ലോസിന് ഉണ്ടായിരുന്നില്ല. ദൈവത്തിന് ആരെയും ഉപകരണമായി ഉപയോഗിക്കാം. വിനയം എവിടെ നിന്ന് ലഭിക്കും? "ഞാൻ സൗമ്യതയും താഴ്മയും ഉള്ളവൻ ആകയാൽ എന്റെ നുകം ഏറ്റുകൊണ്ട് എന്നോട് പഠിപ്പിൻ. എന്നാൽ നിങ്ങളുടെ ആത്മാക്കൾക്ക് ആശ്വാസം കണ്ടെത്തും" (മത്തായി. 11:28). വിനയത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ മഹാകവി കെ.വി. സൈമൺ എന്ന വ്യക്തിയാണ് പെട്ടെന്ന് എന്റെ ഓർമ്മയിൽ വരുന്നത്. അദ്ദേഹത്തിന്റെ ശവസംസ്കാര ശുശ്രൂഷയിൽ സംബന്ധിക്കുന്നതിനുള്ള ഭാഗദേയം എനിക്കും ഉണ്ടായി. പലർ സൈമൺസാറിന്റെ വലിപ്പത്തെ പരാമർശിച്ച് പ്രസംഗിച്ചു. അന്നത്തെ ദൈവസഭയുടെ നേതാവായിരുന്ന പി.ജെ. ഫിലിപ്പ് സാർ താഴെകാണുംവണ്ണം ഒരു ചെറിയ പ്രസംഗം ചെയ്തു. "മഹാകവി കെ. വി. സൈമൺ ഒരു മഹാനായിരുന്നു എന്ന് എല്ലാവർക്കും അറിയാം. എന്നാൽ അത് അറിയാൻ പാടില്ലാത്ത ഒരു വ്യക്തി മാത്രമേ ഉള്ളൂ. അത് മി. സൈമൺ തന്നെയാണ്. അദ്ദേഹം വളരെ തന്മയത്വത്തോടെ ഒരു സത്യം വെളിപ്പെടുത്തി. തങ്ങൾക്ക് തന്നെ മഹാന്മാരായി തോന്നുന്ന മഹാന്മാരാണ് എക്കാലത്തും കൂടുതൽ. ഇന്നത്തെ കാര്യം പറയുകയും വേണ്ട. മറ്റാരും അവരെ മഹാന്മാർ എന്ന് പരിഗണിക്കുന്നില്ല. അവരുടെ സ്വന്തഭവനക്കാർക്കും അവരുടെ അയൽക്കാർക്കും അക്കാര്യം അറിയാൻ പാടില്ല. കർത്താവായ യേശുക്രിസ്തുവിനെക്കൊണ്ട് ഒരു വ്യക്തി എത്രത്തോളം നിറ

ഞ്ഞിരിക്കുന്നുവോ അത്രത്തോളം മാത്രമേ പ്രസ്തുത വ്യക്തി “താഴ്മയും സൗമ്യതയും” ഉള്ളവനാകുകയുള്ളൂ. ക്രിസ്തു ഹൃദയത്തിലും ജീവിതത്തിലും പ്രവേശിച്ചപ്പോൾ ശൗൽ പൗൽ ആയി. കടിച്ചുകീറുന്ന ചെന്നായ് സൗമ്യതയുള്ള ആട്ടിൻകുട്ടിയായി. അനവധി വർഷം യേശുക്രിസ്തുവിന്റെ അദ്ധ്യാത്മവിദ്യാലയത്തിൽ അഭ്യസിച്ചവരായി നാം വിനയത്തിന്റെ കാര്യത്തിൽ ഇന്നും കിന്റർഗാർട്ടൺ കുട്ടികൾ മാത്രമേ ആയിട്ടുള്ളൂ. സ്വയപരിശോധന നടത്തി കർത്താവിന്റെ മുമ്പിൽ വിനയപ്പെടാം. നമ്മിലുള്ള നിഗളം സമൂലം തൂത്തെറിയാം.

അടുത്തതായി നാം അപ്പൊല്ലോസിനെക്കുറിച്ച് വായിക്കുന്നത് 1 കൊരി 3-ാം അദ്ധ്യായത്തിലാണ്. “ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്. ആകയാൽ വളരുമാറാക്കുന്ന ദൈവമല്ലാതെ നടുന്നവനും നനയ്ക്കുന്നവനും ഒരുപോലെ. ഓരോരുത്തന് താന്താന്റെ അദ്ധ്വാനത്തിനൊത്തവണ്ണം കൂലി കിട്ടും. ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ. നിങ്ങൾ ദൈവത്തിന്റെ കൃഷി ദൈവത്തിന്റെ ഗൃഹനിർമ്മാണം” (1 കൊരി 3:6-9). പുതിയ നിയമ ശുശ്രൂഷ ദൈവത്തിന്റെ പരമാധികാരത്തിൻകീഴിൽ പരിശുദ്ധാത്മാവിനാൽ നടത്തപ്പെട്ട് ചെയ്യുന്ന ഒരു സഹകരണപ്രവർത്തനം ആണ്. കർത്തൃദാസന്മാർ വെറും ഉപകരണങ്ങൾ മാത്രം. “ഞാൻ നട്ടതിനെ നനക്കുവാൻ അപ്പൊല്ലോസിന് എന്ത് കാര്യം'' എന്നു ചോദിച്ച് പൗലൊസ് പരിഭവപ്പെട്ടില്ല. “പൗലൊസ് നട്ടതിനെ നനയ്ക്കുവാൻ എനിക്കെന്ത് കാര്യം എന്ന് പറഞ്ഞ് അപ്പൊല്ലോസ് പ്രവർത്തനത്തിൽ അനാസ്ഥ കാണിച്ചില്ല. പൗലൊസ് നട്ടത് ശരിയായില്ല എന്ന് കുറ്റപ്പെടുത്തി മറിച്ചു നടാനോ പറിച്ചു നടാനോ ഉള്ള ഒരു ശ്രമം അപ്പൊല്ലോസ് ചെയ്തില്ല. കാരണം എന്ത്? വളരെ ഗൗരവമായി ചിന്തിക്കേണ്ട ഒരു വിഷയമാണ് ഇത്. ദൈവത്തിന്റെ പരമാധികാരത്തിൻകീഴിൽ പരിശുദ്ധാത്മാവിനാൽ നിയന്ത്രിതനായി കർത്തൃദാസൻ ചെയ്ത ശുശ്രൂഷയെ അപ്പൊല്ലോസ് സർവ്വാത്മനാ അംഗീകരിച്ചത് തന്നെയാണ് കാരണം. പ്രിയ വായനക്കാരാ, നമ്മെ ഇരുത്തി ചിന്തിപ്പിക്കേണ്ട ഒരു വിഷയമാണിത്. പരമാധികാരിയായ ദൈവം ഇതര ദാസന്മാരെ ഉപയോഗിച്ച് ചെയ്ത ശുശ്രൂഷ ഹൃദയപൂർവ്വം അംഗീകരിക്കുന്നതിന് നാം മനസ്സുള്ളവരാണോ? അല്ലാതെ ദൈവം ഇതര ദാസന്മാർ മുഖാന്തരം ചെയ്ത ശുശ്രൂഷയെ അവഗണിക്കുന്നതിനോ അതെപ്പറ്റി കുറ്റം പറയുന്നതിനോ വിമർശിക്കുന്നതിനോ നമുക്ക് യാതൊരു അവകാശവും ഇല്ല. അത് നിശ്ചയമായി ദൈവമുമ്പാകെ നാം ചെയ്യുന്ന ഗുരുതരമായ ഒരു അപരാധമായിരിക്കും. തദ്വിഷയമായി ഒരു ആത്മപരിശോധന നടത്തുന്നതിനുള്ള സമയം വളരെ കഴിഞ്ഞു പോയി. മറ്റ് ദാസന്മാരെ ഉപയോഗിച്ച് പ്രവർത്തനങ്ങളെ അംഗീകരിക്കുന്നവരും അവയിൽ സന്തോഷിച്ച് ദൈവത്തിന് സ്തോത്രം ചെയ്യുന്നവരായിരിക്കുവാനും കർത്താവ് നമുക്ക് കൃപ നൽകട്ടെ. കർത്തൃവേലയിൽ എപ്പോഴും സഹകരിച്ച് പ്രവർത്തിക്കുന്ന കാര്യത്തിൽ നമുക്ക് ഉൽസുകരായിരിക്കാം.

‘അവൻ അഖായയിലേക്ക് പോകുവാൻ ഇച്ഛിച്ചപ്പോൾ സഹോദരന്മാർ അവനെ ഉത്സാഹിപ്പിക്കുകയും അവനെ കൈക്കൊള്ളേണ്ടതിന് ശിഷ്യന്മാർക്ക് എഴുതുകയും ചെയ്തു. അവിടെ എത്തിയാറെ അവൻ ദൈവകൃപയാൽ വിശ്വസിച്ചവർക്ക് വളരെ പ്രയോജനമായിത്തീർന്നു” (പ്രവൃ. 18:27). “contributed much” എന്നാണ് ജെ.എൻ ഡാർവിയുടെ പരിഭാഷ. “വളരെ സംഭാവന ചെയ്തു” എന്ന് മലയാളം. സാധാരണയായി ദൈവദാസന്മാർക്കാണ് സംഭാവന കൊടുക്കുന്നത്. അത് ന്യായവും വചനാനുസരണവുമാണ്. ഗലാ 6:6 അപ്പൊല്ലോസ് അഖായയിലെ വിശുദ്ധന്മാർക്ക് കൊടുത്ത സംഭാവന എന്തായിരുന്നു? “he greatly assisted those belivers by his gift എന്നാണ്. Emphatic Diaglott പരിഭാഷ. ''അവൻ ആ വിശ്വാസികളെ തന്റെ കൃപാവരം മൂലം വളരെ സഹായിച്ചു'' എന്ന് മലയാളം. അപ്പൊല്ലോസ് തനിക്ക് ലഭിച്ചിരുന്ന കൃപാവരം ജ്വലിപ്പിക്കുന്നതു മൂലം വിശുദ്ധന്മാർക്ക് ലഭിച്ച സംഭാവന എന്ന് ചുരുക്കം. ഈ ബന്ധത്തിൽ പൗലൊസ് തിമൊഥെയൊസിന് കൊടുത്ത 2 കല്പനകൾ ശ്രദ്ധേയമാണ്. ഒന്നാമത് “മൂപ്പന്മാരുടെ കൈവെപ്പോടുകൂടി പ്രവചനത്താൽ നിനക്ക് ലഭിച്ചതായി നിന്നിലുള്ള കൃപാവരം ഉപേക്ഷയായി വിചാരിക്കരുത്” (1 തിമൊ. 4:14). രണ്ടാമത്തത് “അതുകൊണ്ട് എന്റെ കൈവെപ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്ന് നിന്നെ ഓർമ്മപ്പെടുത്തുന്നു” (2 തിമൊ. 1:6). ആദ്യകല്പന നിഷേധാത്മക (Negative)മാണ്. രണ്ടാം കല്പന രചനാത്മക (Positive)മാണ്. ദൈവദത്തമായ കൃപാവരം ഉപേക്ഷയായി വിചാരിക്കാതെ പ്രാർത്ഥനാപൂർവ്വം പരിശുദ്ധാത്മാവിന്റെ സഹായത്താൽ ജ്വലിപ്പിക്കുന്നത് മൂലം അർത്ഥാൽ പ്രയോഗിക്കുന്നതുമൂലം ദൈവജനത്തിന് ലഭിക്കുന്ന സംഭാവന (ആത്മാഭിവൃദ്ധി)യിൽ കൂടിയ സംഭാവന വല്ലതുമുണ്ടോ? നിശ്ചയമായും ഇല്ല.

ദൈവജനത്തിനു പ്രയോജനമുള്ള ഒരു വിശ്വാസിയായി ജീവിക്കണം എന്നത് നമ്മുടെ ലക്ഷ്യം ആയിരിക്കണം. പൗലൊസിന്റെ ജീവിത ലക്ഷ്യം

അതായിരുന്നു. “മറ്റുള്ളവരോട് പ്രസംഗിച്ച ശേഷം ഞാൻ തന്നെ കൊള്ളരുതാത്തവനായി പോകാതിരിക്കേണ്ടതിന് എന്റെ ശരീരത്തെ ദണ്ഡിപ്പിച്ച് അടിമയാക്കുകയത്രേ ചെയ്യുന്നത്” (1 കൊരി 9:27). “നിന്നെ തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക” എന്ന വാക്യമാണ് പെട്ടെന്ന് വേദവിദ്യാർത്ഥിയുടെ സ്മരണയിൽ വരുന്നത്. കൊള്ളാവുന്നവനായി അർത്ഥാൽ പ്രയോജനമുള്ളവനായി അന്ത്യത്തോളം ജീവിക്കണം എന്ന പൗലൊസിന്റെ ആഗ്രഹമാണ് പ്രസ്തുത പ്രബോധനത്തിൽ പ്രകടമാകുന്നത്. 2 കൊരി. 13:5,6 എന്നീ വാക്യങ്ങളിൽ കൊള്ളാകുന്നവരും കൊള്ളരുതാത്തവരും തമ്മിലുള്ള ഒരു താരതമ്യം കാണുന്നുണ്ട്. “കൊള്ളരുതാത്തവൻ” എന്നതിന് Reprobate, Disqualified, unapproved മുതലായ ശബ്ദങ്ങൾ ഇംഗ്ലീഷ് പരിഭാഷകളിൽ ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിന് കൊള്ളാവുന്നവരായി ദൈവജനത്തിന് പ്രയോജനമുള്ളവരായി നമ്മുടെ ജീവിതം അവസാനിപ്പിക്കുന്നത് എത്ര ഭാഗ്യം! ദൈവത്തിന്റെ വിലയേറിയ ദാസനായിരുന്ന റോബർട്ട് ചാപ്പ്മാൻ, “കർത്താവേ, ഒരു ദുഷ്ടവൃദ്ധനാകാതെവണ്ണം എന്നെ കാത്തുകൊള്ളേണമേ” എന്നു പ്രാർത്ഥിക്കുമായിരുന്നു. നാമെല്ലാവരും നിരന്തരം പ്രാർത്ഥിക്കേണ്ട ഒരു ആദർശ പ്രാർത്ഥനയാണ് അത്. ദൈവത്തിന് കൊള്ളരുതാത്തവരായി ദൈവജനത്തിന് യാതൊരു പ്രയോജനവുമില്ലാത്തവരായി നമ്മുടെ ജീവിതം അവസാനിപ്പിക്കുന്നത് നിർഭാഗ്യത്തിന്റെ പാരമ്യം എന്നേ പറയേണ്ടൂ. അത്തരം ദുരവസ്ഥയിലും ദുരന്തത്തിലും അകപ്പെടാതെ കർത്താവ് നമ്മെയെല്ലാം കാക്കട്ടെ.

“സഹോദരനായ അപ്പൊല്ലോസിന്റെ കാര്യമോ അവൻ സഹോദരന്മാരോടു കൂടെ നിങ്ങളുടെ അടുക്കൽ വരേണം എന്ന് ഞാൻ അവനോട് വളരെ അപേക്ഷിച്ചു എങ്കിലും ഇപ്പോൾ വരുവാൻ അവന് ഒട്ടും മനസ്സായില്ല; അവസരം കിട്ടിയാൽ അവൻ വരും” (1 കൊരി 16:12). പൗലൊസിനെപ്പോലുള്ള ഒരു വലിയ ദൈവദാസൻ വളരെ അപേക്ഷിച്ച ഒരു കാര്യം അപ്പൊല്ലോസ് ചെയ്തില്ല. അതു ശരിയാണോ? എന്ന് നമുക്ക് തോന്നാം. കർത്താവിന്റെ ഒരു ദാസൻ എന്ന നിലയിൽ കർത്താവിനോട് പ്രാഥമികമായ ബന്ധം പുലർത്തേണ്ടതാണല്ലോ. അപ്പൊല്ലോസിന്റെ കർത്തവ്യം. അതുകൊണ്ട് അപ്പൊല്ലോസ് പൗലൊസിന്റെ ഇഷ്ടപ്രകാരം സഹോദരന്മാരോട് കൂടെ പോകാഞ്ഞത് തെറ്റാണെന്ന് സമർത്ഥിക്കാൻ സാദ്ധ്യമല്ല. നമ്മുടെ കഥാപാത്രം പൗലൊസിന്റെ അധികാര യുക്തമായ ഒരു കല്പന ധിക്കാരപൂർവ്വം അവഗണിച്ചതല്ല. നേരെ മറിച്ച് അവൻ പൗലൊസിന്റെ ഒരു ആഗ്രഹം നിവർത്തിച്ചില്ല എന്നേയുള്ളൂ. ക്രിസ്തുവിന്റെ ദാസൻ (Bondservant) എന്ന പ്രയോഗം ക്രിസ്തുവിന്റെ അടിമ എന്നും ഭാഷാന്തരം ചെയ്യാം. ഒരു അടിമയ്ക്ക് സ്വന്തമായ ഇഷ്ടവും ജീവിതലക്ഷ്യവും ഇല്ലല്ലോ. യജമാനന്റെ ഇഷ്ടമാണ് അടിമയുടെ ഇഷ്ടവും. “If Christ is not Lord of all, He is not Lord at all” എന്ന ഒരു എഴുത്തുകാരന്റെ വാക്കുകളാണ് ഈ ബന്ധത്തിൽ സ്മരണയിൽ വരുന്നത്. “ക്രിസ്തു എല്ലാറ്റിനും കർത്താവല്ലെങ്കിൽ, അവൻ യാതൊന്നിനും കർത്താവാകുന്നില്ല” എന്ന് തർജ്ജമ.

ഇതിനോട് സാമ്യമുള്ള ഒരു സന്ദർഭം പത്രൊസിന്റെ ജീവിതത്തിൽ ഉണ്ടായിട്ടുണ്ട്. യാക്കോബിന്റെ അടുക്കൽ നിന്ന് ചിലർ വരുന്നതിനു മുമ്പ് പത്രൊസ്, ജാതികളിൽ നിന്ന് രക്ഷിക്കപ്പെട്ടവരോടു കൂടെ ഭക്ഷണം കഴിച്ചു വന്നു. അവർ വന്നപ്പോൾ അവൻ പരിച്ഛേദനക്കാരെ ഭയപ്പെട്ട് അതിൽ നിന്ന് പിന്മാറി. “ശേഷം യഹൂദന്മാരും അവനോടു കൂടെ കപടം കാണിച്ചതുകൊണ്ട് ബർന്നബാസും അവരുടെ കപടത്താൽ തെറ്റിപ്പോവാൻ ഇടവന്നു” (ഗലാ 2:13). വലിയ ദൈവദാസന്മാർ ചെയ്യുന്നതും പറയുന്നതും നാം അതേപടി പകർത്തണം എന്നില്ല. നമുക്ക് ലഭിച്ചിട്ടുള്ള പരിജ്ഞാനവും വെളിച്ചവും അനുസരിച്ച് നമ്മുടെയെല്ലാം യജമാനനും കർത്താവുമായ യേശുക്രിസ്തുവിന് പ്രസാദമാകുമാറ് കാര്യങ്ങൾ വിവേചനാപൂർവ്വം ചെയ്യേണ്ടതാണ് ആവശ്യം. മറ്റൊരു സന്ദർഭം നോക്കാം. പത്രൊസും കുറെ ശിഷ്യന്മാരും ഒരുമിച്ചു കൂടിയിരുന്നപ്പോൾ ശിമോൻ പത്രൊസ് അവരോട്; ഞാൻ മീൻ പിടിക്കാൻ പോകുന്നു എന്നു പറഞ്ഞു. ഞങ്ങളും പോരുന്നു എന്ന് അവരും പറഞ്ഞു.” ഒരിക്കൽ വലയും പടകും അപ്പനെയും മറ്റും വിട്ടവർ ആയിരുന്നു. കർത്താവ് മനുഷ്യരെ പിടിക്ക എന്ന ഏറ്റവും വലിയ ഉദ്യോഗത്തിൽ അവരെ നിയമിച്ചതാണ്. പത്രൊസിനെ നോക്കി ഞങ്ങളും വരുന്നു എന്ന് അവർ പറഞ്ഞു. “വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശുവിനെ നോക്കി” പടചേർത്ത യജമാനനെ സകലത്തിലും പ്രസാദിപ്പിക്കുക എന്നതാണ് ഒരു ദാസന്റെ ഒന്നാമത്തെ കർത്തവ്യം. വലിയ ദൈവദാസന്മാരെ ആദരിക്കണമെന്നതും അവരുടെ ആലോചനകൾ കേൾക്കണമെന്നതും നല്ല കാര്യങ്ങളിൽ അവരുടെ മാതൃകയെ  അനുകരിക്കണമെന്നതും മറ്റൊരു കാര്യം. ഒന്നാം കാര്യം ഒന്നാമത് വരട്ടെ. അതാണ് നമ്മുടെ പ്രമാണം. അങ്ങനെ കർത്താവിനോട് ശരിയായ ബന്ധം പാലിച്ച് കൂറുള്ള ദാസന്മാരായി ജീവിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നമുക്ക് കൃപ നൽകട്ടെ. (തുടരും)

# ക്രിസ്തുവിന്റെ സ്ഥാനാപതി

പി.ഇ. സാംകുട്ടി, കുമ്പനാട്

ഒരുവൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു. അതിനർത്ഥം ആ വ്യക്തിയിൽ സമൂലമായ മാറ്റം സംഭവിച്ചിരിക്കണം എന്നതു തന്നെ. അവനിൽ രൂഢമൂലമായിരുന്ന എല്ലാ പ്രകൃതങ്ങൾക്കും പൂർണ്ണമായ വ്യത്യാസം ഉണ്ടാകുന്നു. പുതിയ സൃഷ്ടിയായിത്തീർന്ന വിശ്വാസിക്ക് താൻ സ്വീകരിച്ച വിശ്വാസത്തിനനുസൃതമായി പുതിയ പദവികളും അനുഗ്രഹങ്ങളും ലഭിക്കുന്നുവെന്ന് 2 കൊരി. 5-ാം അദ്ധ്യായത്തിൽ കാണുന്നു.

അവന് പ്രധാനമായി ലഭിക്കുന്ന 7 കാര്യങ്ങൾ ഇവയാണ്. പുതിയ ഉറപ്പ് (മരണശേഷം പുതിയ ശരീരം) പുതിയ നടപ്പ് (പണ്ടുണ്ടായിരുന്ന പാപ വഴികൾ വിട്ടു) പുതിയ ലക്ഷ്യം (സ്വേച്ഛാനുസരണമുള്ള ജീവിതത്തിനു പകരം കർത്താവിനെ പ്രസാദിപ്പിക്കുക) പുതിയ ബന്ധം (ചേർച്ചയല്ലാത്ത എല്ലാ ബന്ധങ്ങൾക്കു പകരം ക്രിസ്തുവിനോടു ചേരുക), പുതിയ സ്വഭാവം (ക്രിസ്തുവിന്റെ സ്നേഹത്താൽ നിറയുക) പുതിയ മനോഭാവം (കർത്താവിനായി ജീവിതം സമർപ്പിക്കുക) പുതിയ സ്ഥാനാപതി ദൗത്യം (സുവിശേഷം അറിയിക്കുക) തുടങ്ങിയ ഉത്തരവാദിത്തങ്ങളാണ് അവന് ലഭിക്കുന്നത്.

2 കൊരി. 5:18 ൽ നിരപ്പിന്റെ ശുശ്രൂഷ ചെയ്യുന്ന സ്ഥാനാപതി ദൗത്യത്തെപ്പറ്റിയുള്ള ആശയം ഉൾക്കൊള്ളിച്ചിരിക്കുന്നു. സുവിശേഷം എന്ന നിരപ്പിന്റെ വചനം ഉദ്ഘോഷിക്കുന്ന ഏതു വ്യക്തിയും കർത്താവിന്റെ സ്ഥാനാപതിയാണ്. ചങ്ങലധരിച്ചുകൊണ്ടുപോലും സ്ഥാനാപതി ശുശ്രൂഷ ചെയ്യുന്ന പൗലൊസിനെ നാം കാണുന്നു (എഫെ. 6:19). സുവിശേഷകൻ ദൈവത്തിന്റെ സന്ദേശ വാഹകനാണ്. അതേസമയം ദൈവം ഏല്പിച്ചിരിക്കുന്ന ദൈത്യം നിർവ്വഹിക്കുന്ന സ്ഥാനാപതിയാണ്. ഏതൊരു സ്ഥാനാപതിയും അവൻ പ്രതിനിധീകരിക്കുന്ന രാജ്യത്തിന്റെ അന്തസും അഭിമാനവും പാലിക്കാൻ ചുമതലപ്പെട്ടവനാണ്. നമ്മുടെ കർത്താവ് ശരീരത്തിൽ ഇപ്പോൾ ഈ ലോകത്തിൽ ഇല്ലായെന്നതിനാൽ വിശ്വാസികൾ കർത്താവിനെ പ്രതിനിധീകരിക്കുന്നവരും അവന്റെ വക്താക്കളുമാണ്. മരണത്തിൽ അവൻ നമ്മെ പ്രതിനിധീകരിച്ചു. അവന്റെ ശാരീരിക അഭാവത്തിൽ നാം ലോകത്തിൽ അവനെ പ്രതിനിധീകരിക്കുന്നു. കർത്താവിന്റെ സ്ഥാനാപതി എന്നത് അത്യന്തം മഹത്വമേറിയതും അഭിമാനകരവുമായ ശുശ്രൂഷയാണ്. അതേസമയം ഏറിയ ഉത്തരവാദിത്തങ്ങളുമുണ്ട് എന്നത് മറക്കരുത്.

ഒരു രാജ്യത്തിന്റെ ഔദ്യോഗിക പ്രതിനിധിയായി നിയമിക്കപ്പെടുന്ന സ്ഥാനാപതിയും കർത്താവിന്റെ ശുശ്രൂഷക്കാരനായ സ്ഥാനാപതിയും തമ്മിൽ താരതമ്യപ്പെടുത്താവുന്ന അനേക കാര്യങ്ങൾ ഉണ്ട്. അവയിൽ ചിലത് ചൂണ്ടിക്കാണിക്കുന്നു.

1. ഒരു രാഷ്ട്രത്തിന്റെ സ്ഥാനാപതിയായി കേവലം സാധാരണക്കാരനായ ഒരു വ്യക്തിയെ നിയമിക്കുകയില്ല. IFS പോലെയുള്ള വിദ്യാഭ്യാസ യോഗ്യത, ഭരണപരിചയം, നേതൃത്വപാടവം, പക്വത ഒക്കെയും അയാൾക്ക് അത്യാവശ്യമായും ഉണ്ടായിരിക്കണം. ക്രിസ്തുവിന്റെ അംബാസഡറായി നിയമിക്കപ്പെടുന്ന വ്യക്തിക്ക് B.A. ഡിഗ്രി (Born Again) യോഗ്യത വേണമെന്ന് പറയാറുണ്ട്. വാസ്തവമായി രക്ഷിക്കപ്പെട്ട് ദൈവമകനായിത്തീർന്ന വ്യക്തിക്കു മാത്രമേ സ്വർഗ്ഗീയ ഗവൺമെന്റിനെ പ്രതിനിധീകരിക്കുവാൻ അവകാശമുള്ളൂ.

2. ഒരു അംബാസഡർ തന്റെ രാജ്യത്തിന്റെയും താൻ ആയിരിക്കുന്ന രാജ്യത്തിന്റെയും നിയമങ്ങൾ ശരിയായി അറിയാവുന്നവനായിരിക്കണം. സ്വന്ത രാജ്യത്തിനുവേണ്ടി വിവിധ കരാറുകളും ഉടമ്പടികളും ഒപ്പിടാൻ അധികാരപ്പെട്ടയാൾ എന്ന നിലയിൽ നിയമങ്ങൾ വ്യക്തമായി അറിവില്ലായെങ്കിൽ രാജ്യത്തിന്റെ സൽപ്പേരിനു കളങ്കവും സാമ്പത്തിക നഷ്ടവും ഉണ്ടാകാൻ കാരണക്കാരനായിത്തീരും. രാജ്യദ്രോഹികളും ചതിയന്മാരും വഞ്ചിക്കുവാൻ തക്കം പാർത്തിരിക്കുന്നു എന്നോർക്കണം. സ്വർഗ്ഗീയ ഗവ. ന്റെ എല്ലാ നിയമങ്ങളും രേഖാമൂലം നമുക്ക് ലഭിച്ചിട്ടുണ്ട്. അത് പഴയപുതിയ നിയമങ്ങൾ അടങ്ങിയ തിരുവചനമാണ്. കർത്താവിന്റെ സ്ഥാനാപതി ഇതിലെ നിർദ്ദേശങ്ങളും നിയമങ്ങളും ശരിയായി പഠിച്ചിരിക്കേണ്ടത് ആവശ്യമാണ്. തിരുവചന സത്യങ്ങൾ വള്ളിപുള്ളി തെറ്റാതെ പഠിക്കുകയും പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ട ചുമതല സ്ഥാനാപതിക്കുണ്ട്.

3. സ്ഥാനാപതിയുടെ നിയമനാധികാരി രാജ്യത്തിന്റെ തലവനാണ്. താൻ നിയമിച്ചാക്കി വയ്ക്കുന്ന സ്ഥാനാപതിയുടെ പ്രവർത്തനങ്ങൾ അദ്ദേഹം സശ്രദ്ധം നിരീക്ഷിക്കുന്നു. നിയമങ്ങളും വ്യവസ്ഥകളും അനുസരിച്ചാണോ അയാൾ പ്രവർത്തിക്കുന്നതെന്ന് അന്വേഷിക്കാനുള്ള ചുമതല രാഷ്ട്രത്തലവനുണ്ട്. അതേപോലെ കർത്താവു തന്നെയാണ് തന്റെ സ്ഥാനാപതിയെ ശുശ്രൂഷയ്ക്ക് നിയമിച്ചാക്കി വയ്ക്കുന്നത്. ഏല്പിച്ചിരിക്കുന്ന ശുശ്രൂഷകൾ യഥാവിധി ചെയ്യുന്നുണ്ടോയെന്നു കർത്താവു പരിശോധിക്കുന്നു. ദൈവമുമ്പാകെ സകലത്തിനും നാം കണക്ക് പറ

യേണ്ടവരാണ് എന്ന ബോധം നമ്മെ ഭരിക്കണം. (റോമർ 14:10; 1 കൊരി. 3:12,13)

4. സ്വന്തരാജ്യത്തിന്റെ സൽപേരും മാന്യതയും സൂക്ഷിക്കേണ്ട ചുമതല സ്ഥാനാപതിയിൽ നിക്ഷിപ്തമാണ്. താൻ പോകേണ്ടതായ സ്ഥലങ്ങൾ പങ്കെടുക്കുന്ന മീറ്റിംഗുകൾ, ബന്ധപ്പെടുന്ന ആളുകൾ ഒക്കെ തന്റെ സ്ഥാനത്തിനും പദവിക്കും യോജിച്ചതായിരിക്കണം. അയോഗ്യരുമായി ഇടപെടുന്നത് രാജ്യത്തിന് അപമാനകരമാണ്. സ്വർഗ്ഗീയ പൗരന്മാരായ നാമും ഇക്കാര്യത്തിൽ വളരെ ശ്രദ്ധാലുക്കൾ ആയിരിക്കണം. സങ്കീ. 1:1 ൽ പറയുന്നതു പോലെ എല്ലായിടത്തും പോകാനും എല്ലാവരുമായി ഇടപെടാനും നമുക്ക് അവകാശമില്ല. നമ്മെ വീഴ്ത്താൻ, തോല്പിക്കാൻ അതുവഴി കർത്താവിനെ അപമാനിക്കാൻ അപവാദിയും ശത്രുവുമായവൻ പിന്നാലെയുണ്ട്. ദൈവം വച്ചിരിക്കുന്ന അതിർ വരമ്പുകൾ നാം ലംഘിക്കാൻ പാടില്ല.

5. സ്ഥാനാപതി സ്വന്ത രാജ്യത്തിലല്ല താമസിച്ചു പ്രവർത്തിക്കുന്നത്. അവൻ എവിടെ സ്ഥാനാപതി ദൗത്യം നിർവ്വഹിക്കുന്നുവോ അവിടുത്തെ അതിഥി മാത്രമാണ്. അവിടുത്തെ പൗരത്വം അവന് അവകാശപ്പെട്ടതല്ല. ഒരു വിശ്വാസിയുടെ പൗരത്വം സ്വർഗ്ഗത്തിലാണെന്ന് വചനം നമ്മെ ഓർപ്പിക്കുന്നു. നാം ഈ ലോകത്തിനുള്ളവർ അല്ല. ഇവിടുത്തെ താമസം താല്ക്കാലികമാണ്. ഇവിടുത്തെ താമസം കർത്താവിന്റെ വേല ചെയ്യാനാണ് (ഫിലി. 3:20)

6. സ്ഥാനാപതിയുടെ ശമ്പളവും മറ്റ് ആവശ്യങ്ങളും നിർവ്വഹിക്കുന്നത് അദ്ദേഹത്തെ അയയ്ക്കുന്ന സർക്കാരാണ്. ഇന്ത്യയുടെ അംബാസഡർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകുന്നത് ഇന്ത്യാ ഗവൺമെന്റാണ്. കർത്താവിന്റെ സ്ഥാനാപതിയുടെ കാര്യത്തിലും അപ്രകാരം തന്നെ. കർത്താവ് തന്റെ മക്കളുടെ ആവശ്യങ്ങളെല്ലാം നടത്തിത്തരും. സ്വന്തജനത്തിനു മന്നയും കാടപക്ഷിയും നൽകി പരിപാലിച്ച ദൈവം നല്ല ഇടയനായി തന്റെ ആടുകളെയും നടത്തുന്നു. ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതെന്നാണല്ലോ ഗുരു നമ്മോടു പറഞ്ഞിരിക്കുന്നത്. നമ്മുടെ ബുദ്ധിമുട്ടൊക്കെയും മഹത്വത്തോടെ തന്റെ ധനത്തിനൊത്ത വണ്ണം ക്രിസ്തുയേശുവിൽ പൂർണ്ണമായി തീർത്തു തരുന്ന ദൈവമാണ് നമുക്കുള്ളത് (ഫിലി. 4:19). ദൈവമക്കൾക്ക് ഈ വാഗ്ദത്തം എത്ര ധൈര്യം പകരുന്നതാണ്.

7. ഒരു സ്ഥാനാപതി തന്റെ വ്യക്തിപരമായ ജീവിതത്തിലും മാന്യത പുലർത്തണം. യോഗ്യമായ വസ്ത്രം ധരിക്കണം. മുടി യോഗ്യമായി വെട്ടിക്കാതെ താടി വളർത്തി കുളിച്ചു വൃത്തിയാകാതെ നടക്കുന്ന ഒരു അംബാസഡറെപ്പറ്റി ഓർക്കാൻ കഴിയുമോ? ഒരു വിശ്വാസി പരമാവധി സൂക്ഷിക്കേണ്ട വിഷയമാണിത്. ഫാഷനു പുറകെ ഓടരുത്. വസ്ത്രം അലക്കി വൃത്തിയായും വെടിപ്പോടും കൂടെ വേണം മറ്റുള്ളവരുടെ മുമ്പിൽ ചെല്ലേണ്ടത് ഹിപ്പി വേഷത്തിനു പുറകേ പോകുന്ന യുവസഹോദരന്മാരും ശരീര ഭംഗികൂട്ടാൻ അയോഗ്യമായ വസ്ത്രധാരണം നടത്തുന്ന സഹോദരിമാരും വാസ്തവത്തിൽ തങ്ങൾ കർത്താവിന്റെ പ്രതിനിധികളാണെന്ന സത്യം മറക്കരുത്. ഒരു അംബാസഡറുടെ വാഹനം, വീട്, ഓഫീസ്, ഫർണിച്ചർ ഒക്കെ വൃത്തിയായും മനോഹരമായും സൂക്ഷിക്കണം. ആർഭാടത്തിന്റെ കാര്യമല്ല പറയുന്നത്. നാം ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാൻ കടപ്പെട്ടവരുമാണ്. എന്നാൽ വൃത്തി, വെടിപ്പ്, അടുക്ക്, ചിട്ട ഒക്കെ ജീവിതത്തിൽ പാലിക്കുകയും വേണം.

8. പ്രതിനിധാനം ചെയ്യുന്ന രാജ്യത്തിന് ഏറ്റവുമധികം ലാഭവും പ്രയോജനവും ഉണ്ടാക്കുകയെന്നത് സ്ഥാനാപതിയുടെ ഉത്തരവാദിത്തമാണ്. കയറ്റുമതി, വാണിജ്യ കരാറുകൾ, സാംസ്കാരിക ഉടമ്പടികൾ ഒക്കെ ചെയ്ത് സ്വരാജ്യത്തിന് നേട്ടങ്ങൾ ഉണ്ടാക്കണം. ഒരു വിശ്വാസിയുടെ ചുമതലയും ഇത്തരം തന്നെ. താൻ ഉൾപ്പെട്ടു നിൽക്കുന്ന ദൈവസഭയ്ക്കും സുവിശേഷ യത്നങ്ങൾക്കും പരമാവധി ഗുണകരമായി പ്രവർത്തിക്കണം.

9. ഒരു സ്ഥാനാപതിയുടെ സുരക്ഷയുടെ ഉത്തരവാദിത്തം തന്റെ ഗവ. നാണ്. തന്നെ അയയ്ക്കുന്ന സർക്കാർ ആയതിലേക്ക് ആവശ്യമായ സുരക്ഷാഭടന്മാരെയും നൽകും. ശത്രുക്കളിൽ നിന്ന്, മോഷ്ടാക്കളിൽ നിന്ന് രക്ഷ ഒരുക്കുവാൻ ആവശ്യമായ സന്നാഹങ്ങൾ ക്രമീകരിക്കും. തന്റെ മക്കളെ സൂക്ഷിക്കുന്നത് ദൈവമാണ്. ദൈവദൂതന്മാർ നമുക്കായി കാവൽ നിൽക്കുന്നു. ഒരു അനർത്ഥവും നിനക്ക് ഭവിക്കുകയില്ല. ഒരു ബാധയും നിന്റെ കൂടാരത്തിന് അടുക്കുകയില്ല. നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് ഞാൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോടു കൽപ്പിക്കും (സങ്കീ. 91:10,11). ഇതിനേക്കാൾ അപ്പുറമായ എന്തൊരു വാഗ്ദത്തമാണ് നമുക്കു വേണ്ടത്? സഭകൾ സംഘടിപ്പിക്കുന്നതുകൊണ്ടോ സർക്കാരിൽ രജിസ്റ്റർ ചെയ്യുന്നതുകൊണ്ടോ നമുക്ക് എന്തു നേടുവാൻ കഴിയും?

10. തന്റെ രാജ്യത്തിന്റെ വിവിധ ആവശ്യങ്ങൾക്കായി വന്നു പാർക്കുന്ന സ്വന്തജനത്തിന് പ്രയാസങ്ങൾ, ബുദ്ധിമുട്ടുകൾ, ആവശ്യങ്ങൾ വരുമ്പോൾ അവരെ സഹായിക്കുക എന്നത് സ്ഥാനാപതിയുടെ പ്രധാന ചുമതലയാണ്. മൊർദ്ദേഖാ

# മാളികമുറി പ്രഭാഷണം - 17

ഡോ. ഒ.എം. ശാമുവേൽ

**15**-ാം അദ്ധ്യായം 18-ാം വാക്യം മുതൽ ലോകത്തിന്റെ എതിർപ്പ് എന്ന വിഷയമാണ് പ്രധാന ആശയം. 16-ാം അദ്ധ്യായത്തിലും അതേ ആശയം തന്നെ തുടരുകയാണ്. വിശ്വാസികളോടുള്ള ലോകത്തിന്റെ പ്രതികരണത്തെക്കുറിച്ച് ഒരു പ്രവചന സത്യം എന്ന പോലെ കർത്താവ് വിശദീകരണം നൽകുകയാണ്. യേശുക്രിസ്തു സദുപദേശം നൽകി അത്ഭുതങ്ങളും അടയാളങ്ങളും ചെയ്ത് ലോകത്തിന് നന്മ മാത്രം നൽകി. എന്നിട്ടും ലോകം യേശുക്രിസ്തുവിനെ പകെച്ചു. ഇതുപോലെ വിശ്വാസികളേയും ലോകം എതിർക്കും. കഷ്ടതകളും കണ്ണുനീരിന്റെ അനുഭവങ്ങളും ലോകം നൽകുന്നതിൽ അത്ഭുതപ്പെടരുത്. യേശുക്രിസ്തുവിന്റെ കഷ്ടാനുഭവങ്ങളിൽ കൂട്ടായ്മ അനുഭവിച്ചറിയുക എന്നുള്ളത് കർത്താവിന്റെ അനുയായികൾക്ക് അഭിമാനകരമായ അനുഭവമാണ്. യേശുക്രിസ്തുവിന് ലഭിച്ചതിനേക്കാൾ ഭേദപ്പെട്ട ഒരു സ്വീകരണവും പ്രതികരണവും തന്റെ അനുയായികളാകുന്ന വിശ്വാസികൾക്കും ലഭിക്കുയില്ല എന്ന സത്യം നാം വിസ്മരിക്കരുത്.

പള്ളിഭ്രഷ്ട് തുടങ്ങി കൊലവരെയുള്ള മർദ്ദനമുറകൾ ലോകം ചെയ്തു എന്നുവരാം. നമ്മുടെ പിതാക്കന്മാർ ഈ അനുഭവങ്ങളിൽ കൂടി കടന്നവരലേ. ഒന്നാം നൂറ്റാണ്ടു മുതൽ ക്രിസ്ത്യാനികൾക്ക് വിവിധ നിലകളിൽ ഉപദ്രവങ്ങൾ ഉണ്ടായിട്ടുണ്ടല്ലോ. ഈ കഷ്ടതയുടെ അനുഭവങ്ങൾ ദൈവജനത്തെ തളർത്തുകയല്ല വളർത്തുകയത്രെ ചെയ്യുന്നത്. രക്തസാക്ഷികളുടെ ചൂടുള്ള രക്തത്തിൽ കുതിർന്നാണല്ലോ സഭയുടെ വിത്തുകൾ വളർച്ച പ്രാപിച്ചത്.

റോമയിലെ മാർപാപ്പമാരും നിരീശ്വരവാദത്തിൽ അധിഷ്ഠിതമായ കമ്മ്യൂണിസവും, ഉഗാണ്ട, അംഗോള മുതലായ ആഫ്രിക്കൻ രാജ്യങ്ങളും ക്രിസ്ത്യാനിത്വത്തിനെതിരെ അഴിച്ചുവിട്ട മനുഷ്യത്ത്വരഹിതമായ മനുഷ്യമനഃസാക്ഷിയെ മരവിപ്പിക്കുന്ന മർദ്ദനമുറകൾ ഒന്നും തന്നെ വിവരിക്കുന്നില്ല. സർവ്വജ്ഞാനിയായ കർത്താവിന്റെ വാക്കുകൾ എത്രയോ യാഥാർത്ഥ്യം നിറഞ്ഞവയാണ്. അതു മാത്രമല്ല ലോകം ഇതുവരെ കണ്ടിട്ടില്ലാത്തതും ഇനി സംഭവിക്കാത്തതുമായ വലിയ ഉപദ്രവം സഭയുടെ ഉൽപ്രാപണത്തിന് ശേഷം വരുമെന്ന വസ്തുത കൂടി ഇവിടെ അനുസ്മരിക്കട്ടെ. അപ്പൊസ്തലനായ പൗലൊസുപോലും ദൈവസഭയെ ഉപദ്രവിച്ചപ്പോൾ ദൈവഹിതം നിറ

---

യിയും എസ്ഥേറും ചേർന്നു നടത്തിയ ഉദ്യമങ്ങൾ നമുക്ക് മാതൃകയാണ്. ദൈവജനം പ്രതിസന്ധികളും ആപത്തുകളും നേരിടുമ്പോൾ അന്യോന്യം സഹായിക്കുകയും കൈത്താങ്ങലുകൾ നൽകുകയും സർവ്വോപരി പ്രാർത്ഥിക്കുകയും ചെയ്യേണ്ടതാണ്. ആദിമനൂറ്റാണ്ടിലെ സഭകളുടെ മാതൃക നാം പിൻപറ്റാനാണ് രേഖപ്പെടുത്തിത്തന്നിരിക്കുന്നത്.

11. നല്ല സ്ഥാനാപതിയും ചീത്ത സ്ഥാനാപതിയും ഉണ്ട്. പ്രവർത്തിക്കുന്നവനും പ്രവർത്തിക്കാത്തവനുമുണ്ട്. സ്വന്തരാജ്യത്തിനുവേണ്ടി ജീവൻ കൊടുക്കുന്നവരുണ്ട്. സ്വന്ത രാജ്യത്തെ ഒറ്റിക്കൊടുക്കുന്നവരുണ്ട്. ശിഷ്യന്മാരിൽ കർത്താവിനു വേണ്ടി ജീവൻ ബലിയർപ്പിച്ചവരും ഒറ്റിക്കൊടുക്കുന്നവനും ശുശ്രൂഷ തികയ്ക്കാതെ വിട്ടുപോയവരുമുണ്ട്. നമ്മുടെ സ്ഥാനം എവിടെ? നമ്മൾ ശുശ്രൂഷ തികഞ്ഞ ആത്മാർത്ഥതയോടു കൂടെയാണോ?

12. തുടക്കത്തിൽ അപ്രധാന രാജ്യത്തിൽ നിയമിക്കപ്പെടുന്ന സ്ഥാനാപതി നന്നായി അദ്ധ്വാനിച്ച് നല്ല സേവനം കാഴ്ചവെച്ചാൽ ചില നാളുകൾക്കുള്ളിൽ പ്രധാന രാജ്യങ്ങളിൽ ഉദ്യോഗക്കയറ്റം നൽകി നിയമിക്കപ്പെടുന്നു. താലന്തുകളുടെ ഉപമ കർത്താവ് ശിഷ്യന്മാരോടു പറഞ്ഞപ്പോൾ തന്റെ ശുശ്രൂഷ വിശ്വസ്തതയോടെ നിറവേറ്റുന്നവർ ആയിരിക്കണം അവന്റെ മനസ്സിൽ. അല്പത്തിൽ വിശ്വസ്തനായവനെ അധികത്തിനു വിചാരകനാക്കും (മത്തായി 25:14-30). ദുഷ്ടനും മടിയനുമായ ദാസനെ ദൈവം ശിക്ഷിക്കാതെ വിടുകയില്ല.

13. കാലാവധി തികച്ച സ്ഥാനാപതി അധികാരം വച്ചൊഴിഞ്ഞ് ഗവ.ൽ റിപ്പോർട്ടു ചെയ്യും. അവനെ ഏല്പിച്ച ശുശ്രൂഷ അവസാനിച്ചു. "നല്ല പോർ പൊരുതു, ഓട്ടം തികച്ചു വിശ്വാസം കാത്തു. ഇനി നീതിയുടെ കിരീടം എനിക്കായി വെച്ചിരിക്കുന്നു" (2 തിമൊ. 4:7-8). ഓട്ടം തികച്ച വിശ്വാസിയെ സ്വീകരിക്കാനായി കർത്താവ് കാത്തിരിക്കുന്നു.

14. രാജ്യങ്ങൾ തമ്മിൽ യുദ്ധം ഉണ്ടാകുമ്പോൾ നയതന്ത്ര ബന്ധങ്ങൾ അവസാനിപ്പിക്കുകയും സ്ഥാനാപതിമാരെ പിൻവലിക്കുകയും ചെയ്യും. ഇന്ത്യാ-പാക് യുദ്ധകാലത്ത് നാം ഇതു കണ്ടു. കർത്താവിന്റെ രണ്ടാം വരവിൽ സാത്താന്യ ത്രിത്വത്തോട് യുദ്ധം ചെയ്യുന്നതിനു മുമ്പേ സഭ എടുക്കപ്പെടും. സഭ മഹോപദ്രവത്തിൽ കടക്കയില്ല.

നല്ല സ്ഥാനാപതിയുടെ യോഗ്യത ചുമതല, അവകാശം, പദവി, പ്രതിഫലം ഒക്കെ നാം കണ്ടു. വിശ്വാസികളായ നാം ഓരോരുത്തരും സ്ഥാനാപതിയാണ്. കർത്താവിന്റെ ശുശ്രൂഷ നന്നായി ഉത്സാഹത്തോടെ ചെയ്യാൻ ദൈവാത്മാവ് നമ്മെ സഹായിക്കട്ടെ.

വേറ്റുകയായിരുന്നു എന്നാണ് വിശ്വസിച്ചിരുന്നത്. ഇന്നും ലോകത്തിന്റെ ചിന്താഗതി അങ്ങനെ തന്നെ. ദൈവത്തിന് വഴിപാട് കഴിക്കുന്നതിന് തുല്യമായ ശുശ്രൂഷയായിട്ടാണ് ദൈവജനത്തെ ഉപദ്രവിക്കുന്നതിനെ കണക്കാക്കുന്നത്. ദുഃഖത്തിന്റെ പാപന പാത്രം നിങ്ങൾക്ക് കുടിക്കാൻ ലഭിക്കുമ്പോൾ നിങ്ങൾ കർത്താവിന്റെ വാക്കുകൾ ഓർക്കണം. ഇതുവരെയും ഈ സത്യങ്ങൾ യേശുക്രസ്തു എന്തുകൊണ്ടാണ് പറയാതിരുന്നത് എന്നു ചോദിച്ചാൽ കർത്താവിന്റെ മഹനീയ സാന്നിധ്യം അവരോട് കൂടെയുണ്ടായിരുന്നതിനാലായിരുന്നു എന്നാണുത്തരം.

5-ാം വാക്യത്തിൽ ***ഇപ്പോഴോ ഞാൻ എന്നെ അയച്ചവന്റെ അടുക്കൽ പോകുന്നു. നീ എവിടെ പോകുന്നുയെന്ന് നിങ്ങളാരും ചോദിക്കുന്നില്ല*** എന്ന വാക്കുകൾ പ്രത്യേകം ചിന്തനീയമാണ്. 13:36-ൽ പത്രൊസ് നീ എവിടെ പോകുന്നുയെന്ന് ചോദിക്കുന്നുണ്ട്. എന്നാൽ ആ ചോദ്യം കാര്യം പൂർണ്ണമായി ഗ്രഹിക്കാതെയുള്ള ഉപരിപ്ലവമായ ഒരു ചോദ്യമായിരുന്നു. അത് സ്വാർത്ഥതയിൽ നിന്നും ഉരുത്തിരിഞ്ഞ ചോദ്യമായിരുന്നു. എന്നാൽ ഈ സമയം യേശുക്രിസ്തു പിതാവിന്റെ അടുത്ത് പോകുന്നതിന്റെ പിന്നിൽ വ്യാപരിക്കുന്ന രഹസ്യം ശിഷ്യന്മാർക്ക് വിവരിച്ചുകൊടുക്കുകയാണ് (16:5-15) ***എന്നാൽ ഞാൻ നിങ്ങളോടു സത്യം പറയുന്നു. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം ഞാൻ പോകാഞ്ഞാൽ കാര്യസ്ഥൻ നിങ്ങളുടെ അടുക്കൽ വരികയില്ല. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും*** (വാക്യം 16:7).

യേശുക്രിസ്തു ഭൂമിയിൽ തന്നെ പാർത്തിരുന്നു എങ്കിൽ തന്റെ ശുശ്രൂഷ വളരെ പരിമിതമായ നിലയിൽ ആകുമായിരുന്നു. കാരണം മാനുഷീകമായ പരിമിതികൾ തന്നെ. ഭൂമിയിലായിരുന്നപ്പോൾ പരിമിതികൾ നിറഞ്ഞ ഒരു മനുഷ്യ ശരീരം തനിക്കുണ്ടായിരുന്നു എന്ന സത്യം നാം വിസ്മരിക്കരുത്. വിശാലമായ ഒരു ലോകം ആത്മീകാവശ്യങ്ങൾക്കു വേണ്ടി ദാഹിക്കുകയാണ്. പാപാന്ധകാരത്തിൽ തപ്പിത്തടയുന്ന ലക്ഷോപലക്ഷങ്ങൾക്ക് പാപമോചനം ആവശ്യമാണ്. ഇതെങ്ങനെ സാധിക്കും? ഉത്തരമിതാണ്. ഞാൻ പോകുന്നത് നിങ്ങൾക്ക് പ്രയോജനം. ഇവിടെ പറയുന്ന പ്രയോജനം എന്ന വാക്കാണ് കയ്യഫാവ് മഹാപുരോഹിതൻ യോഹ. 11:50-ൽ പറയുന്നത്. ജനം മുഴുവനും നശിച്ചുപോകാതവണ്ണം ഒരു മനുഷ്യൻ ജാതിക്കു വേണ്ടി മരിക്കുന്നത് നന്ന് (പ്രയോജനം). കയ്യഫാവ് മഹാപുരോഹിതൻ സത്യം അറിയാതെ പറയുന്ന വാക്കുകൾ ആണെങ്കിലും ദൈവീക സത്യം ഗ്രഹിക്കാൻ സഹായകമാണല്ലോ. യോഹന്നാന്റെ സുവിശേഷത്തിൽ ഇത് നാലാമത്തെ പ്രാവശ്യമാണ് പരിശുദ്ധാത്മാവിനെക്കുറിച്ച് പരാമർശിക്കുന്നത്. ഇതിനോടകം 7,14,15 എന്നീ അദ്ധ്യായങ്ങളിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധിക്കുക. 7:37-38 വരെയുള്ള ഭാഗത്ത് ***ദാഹിക്കുന്നവൻ എല്ലാം എന്റെ അടുക്കൽ വന്ന് കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽ നിന്ന് ജീവജലത്തിന്റെ നദികൾ ഒഴുകും എന്ന് വിളിച്ചു പറഞ്ഞു.*** യേശുക്രിസ്തു പരിശുദ്ധാത്മാവിനെക്കുറിച്ചാണല്ലോ ഇവിടെ പറയുന്നത്. 39-ാം വാക്യത്തിൽ വീണ്ടും യോഹന്നാന്റെ വാക്കുകൾ ശ്രദ്ധിക്കുക. അവൻ ഇതു തന്നിൽ വിശ്വസിക്കുന്നവർക്ക് ലഭിപ്പാനുള്ള ആത്മാവിനെക്കുറിച്ചാകുന്നു പറഞ്ഞത്. യേശു അന്ന് തേജസ്ക്കരിക്കപ്പെട്ടിട്ടില്ലായ്കയാൽ ആത്മാവ് വന്നിട്ടില്ലായിരുന്നു. ശിഷ്യന്മാർക്ക് ഈ വാക്യത്തിലെ ആത്മിക അന്തഃസത്ത ഗ്രഹിക്കാൻ സാധിച്ചിരുന്നുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു.

14-ാം അദ്ധ്യായത്തിൽ വിശ്വാസിയോടു കൂടി എല്ലാക്കാലത്തും വസിക്കുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള പരാമർശം ശ്രദ്ധിക്കുക. എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും (വാക്യം 16).

15-ാം അദ്ധ്യായത്തിൽ ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയപ്പാനുള്ള കാര്യസ്ഥനായി പിതാവിന്റെ അടുക്കൽ നിന്നും പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നെക്കുറിച്ച് സാക്ഷ്യം പറയും (15:26).

16-ാം അദ്ധ്യായത്തിൽ വീണ്ടും സുപ്രധാനമായ ഈ വിഷയത്തെക്കുറിച്ച് കർത്താവ് ശിഷ്യന്മാരോട് പറഞ്ഞു. ഞാൻ പോയാൽ അവനെ നിങ്ങളുടെ അടുക്കൽ അയയ്ക്കും. അവൻ വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തും (16:8).

പരിശുദ്ധാത്മാവ് നിങ്ങളുടെ അടുക്കൽ ആണ് വരുന്നത്. ലോകത്തിന് പരിശുദ്ധാത്മാവിനെ സ്വീകരിക്കാൻ കഴിയുകയില്ലയെന്ന് നാം കണ്ടു കഴിഞ്ഞല്ലോ. പരിശുദ്ധാത്മാവ് വിശ്വാസികളിൽ വരും; അവരിൽക്കൂടിയാണ് പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നത്. പരിശുദ്ധാത്മാവ് ഒരു വ്യക്തിയാണെന്നുള്ള സത്യം ഒരു പ്രാവശ്യം കൂടി ഓർപ്പിക്കട്ടെ. പരിശുദ്ധാത്മാവിനെക്കുറിച്ച് പറയുന്ന ഭാഗത്തെല്ലാം അവൻ എന്ന സർവ്വനാമം ഉപയോഗിച്ചിരിക്കുന്നത് ശ്രദ്ധേയമാണ്. പരിശുദ്ധാത്മാവിന്റെ ശുശ്രൂഷക

ളിൽ ഒന്നാമത്തെ ശുശ്രൂഷ ലോകത്തോടുള്ള ബന്ധത്തിലാണ്. ലോകത്തോടുള്ള ബന്ധത്തിൽ പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ബോധം വരുത്തുന്ന അനുഗ്രഹീത ശുശ്രൂഷയാണ് ചെയ്യുന്നത്. ഈ ഭാഗത്ത് ബോധം വരുത്തുകയെന്ന പദപ്രയോഗം ഈ സുവിശേഷത്തിൽ 4 പ്രാവശ്യം വരുന്നുണ്ട്. 3:20-ൽ തിന്മ പ്രവർത്തിക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെയയ്ക്കുന്നു. തന്റെ പ്രവർത്തിക്ക് ആക്ഷേപം വരാതിരിപ്പാൻ (reproved) വെളിത്തിങ്കലേക്ക് വരുന്നതുമില്ല. 8:9 ൽ അവർ അത് കേട്ടിട്ട് മനഃസാക്ഷിയുടെ ആക്ഷേപം ഹേതുവായി (convicted) മൂത്തവരും ഇളയവരും ഓരോരുത്തരായി വിട്ടുപോയി. അതേ അദ്ധ്യായം 46-ാം വാക്യം ശ്രദ്ധിക്കുക. നിങ്ങളിൽ ആർ എന്നെ പാപത്തെക്കുറിച്ച് ബോധം (reprove) വരുത്തും? 16-ാം അദ്ധ്യായത്തിലാണ് നാലാമത്തെ പ്രാവശ്യം ഈ പദം ആവർത്തിക്കുന്നത്. അവൻ പാപത്തെക്കുറിച്ച് ലോകത്തെ ബോധ്യം വരുത്തും (reprove). ലോകത്തിന് സ്വയമായി പാപത്തെക്കുറിച്ച് ബോധം വരുകയില്ല. ഒരു പാപിയായ വ്യക്തിയോട് സുവിശേഷം പറയുമ്പോൾ അവൻ പറയുന്നത് ഞാൻ നിങ്ങളെപ്പോലെയോ അതിനേക്കാൾ കൂടുതലായോ നല്ലവൻ ആണെന്നാണ്. ദൈവസാന്നിധ്യത്തിൽ മാത്രമേ പാപത്തെക്കുറിച്ചുള്ള ശരിയായ ഉൾക്കാഴ്ച ഉണ്ടാവുകയുള്ളൂ. യെശയ്യാ പ്രവാചകൻ യഹോവയുടെ പരിശുദ്ധിയുടെ മുമ്പാകെ തന്നെത്തന്നെ കാണുമ്പോൾ മാത്രമാണ് അയ്യോ ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളവൻ എന്ന് ഗ്രഹിക്കുന്നത്. നിഷ്കളങ്കനും നേരുള്ളവനും ദോഷം വിട്ടകലുന്നവനുമായ ഇയ്യോബ് പോലും ദൈവത്തിന്റെ വിശുദ്ധിയുടെ മുമ്പാകെ അനുതപിക്കുന്നത് നാം ശ്രദ്ധിച്ചിട്ടുണ്ടോ? ആകയാൽ ഞാൻ എന്നെത്തന്നെ വെറുത്തു പൊടിയിലും ചാരത്തിലും കിടന്ന് അനുതപിക്കുന്നു (42:6). യേശുക്രിസ്തുവിന്റെ മുമ്പിൽ പത്രൊസ് പറയുന്നത് കർത്താവേ ഞാൻ പാപിയായ മനുഷ്യനാകകൊണ്ട് എന്നെ വിട്ട് പോകേണമേ എന്നാണ്. ദൈവസന്നിധിയിൽ മാത്രമേ അവന്റെ പാപാവസ്ഥയെക്കുറിച്ച് അവന് ഉത്തമമായ ബോധ്യം വരുകയുള്ളൂ. അതുവരെയും അവൻ സ്വയം നീതിയിൽ ആശ്രയിച്ച് തന്നെത്തന്നെ വഞ്ചിക്കുന്നവനായിരിക്കും.

പരിശുദ്ധാത്മാവ് വരുമ്പോൾ ലോകത്തെ പാപത്തെക്കുറിച്ച് ബോധം വരുത്തും. ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദപ്രയോഗം വളരെ ശ്രദ്ധേയമാണ്. പാപങ്ങളെക്കുറിച്ച് ബോധം വരുത്തും എന്നല്ല രേഖപ്പെടുത്തിയിരിക്കുന്നത്. കള്ളം, ചതിവ്, പരസംഗം, കൊല എന്നിങ്ങനെയുള്ള പാപങ്ങളെക്കുറിച്ച് ബോധമില്ലാത്ത ഏതൊരു വ്യക്തിയാണ് ലോകത്തിലുള്ളത്. മനുഷ്യന്റെ മനഃസാക്ഷി മരവിച്ചിട്ടില്ലെങ്കിൽ ഇതെല്ലാം തെറ്റുകളാണെന്ന് അവനറിയാം.

പരിശുദ്ധാത്മാവിന്റെ ശുശ്രൂഷ അതിനാവശ്യമില്ല. എന്നാൽ ലോകത്തിലേക്കും വലിയ പാപം എന്നു പറയുന്നത് കൊലയും കൊള്ളിവെപ്പും കള്ളവുമല്ല. യേശുക്രിസ്തുവിനെ സ്വീകരിക്കാതിരിക്കുന്നതാണ് ഏറ്റവും വലിയ പാപം. ലോകത്തെ പാപത്തിന്റെ ആധിപത്യത്തിൽ നിന്ന് വിടുവിക്കുന്നതിനുവേണ്ടി മനുഷ്യാവതാരം ചെയ്ത് ക്രൂശിലെ പാപപരിഹാരബലിയായി രക്ഷ നേടിത്തന്ന യേശുക്രിസ്തുവിൽ വിശ്വസിക്കാതിരിക്കുന്ന പാപമാണ് ഏറ്റവും വലിയ പാപം. ഈ പാപത്തെക്കുറിച്ച് ബോധം വരുത്തുന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവാണ്. ലോകത്തിന്റെ ശ്രദ്ധ മറ്റുള്ള പാപങ്ങളുടെ ഭീകരതയിൽ കുടുങ്ങിയിരിക്കയാണ്. യേശുക്രിസ്തുവിൽ വിശ്വസിക്കാത്ത എത്രയോ ആയിരങ്ങൾ ഉണ്ട്. അവർ ഒരു പക്ഷേ ജീവിതത്തിന്റെ വിവിധ തുറകളിൽ മാന്യന്മാരായിരിക്കാം. യേശുക്രിസ്തുവിൽ വിശ്വസിച്ച് രക്ഷ പ്രാപിക്കാൻ കർത്താവ് സഹായിച്ചിരുന്നെങ്കിൽ.

പരിശുദ്ധാത്മാവ് വരുമ്പോൾ ലോകത്തെ നീതിയെക്കുറിച്ച് ബോധം വരുത്തും. യേശുക്രിസ്തു ഈ ഭൂമിയിലായിരുന്നപ്പോൾ അവൻ നീതിമാനായിരുന്നു എന്നുള്ളത് ലോകം ഗ്രഹിച്ചിരുന്നു. തന്നെ വിസ്തരിച്ച ന്യായാധിപൻ അവൻ നീതിമാനായിരുന്നു എന്ന് പരസ്യമായി സമ്മതിച്ചു. ഈ ന്യായാധിപനും മറ്റു പലരും ഈ കാര്യത്തിന് ശരിയായ സാക്ഷ്യം പറഞ്ഞു. എന്നിട്ടും യെഹൂദ ജാതിയും റോമാഗവണ്മെന്റും അവനെ നീതിമാൻ എന്ന് മുദ്രകുത്തി ക്രൂശിച്ചു. എന്നാൽ മരണ പാശങ്ങളെയും റോമാ ഗവണ്മെന്റിന്റെ മുദ്രയും തകർത്ത് യേശുക്രിസ്തു മൂന്നാം ദിവസം ഉയിർത്തെഴുന്നേൽക്കുകയും തുടർന്ന് സ്വർഗ്ഗാരോഹണം നടക്കുകയും ചെയ്തു. യേശുക്രിസ്തു നീതിമാനായിരുന്നു എന്നുള്ള വസ്തുതയുടെ ഉച്ചത്തിലുള്ള പ്രഖ്യാപനമായിരുന്നല്ലോ ഈ സംഭവങ്ങൾ. പരിശുദ്ധാത്മാവ് യേശുക്രിസ്തുവിന്റെ പ്രതിനിധിയെന്ന നിലയിൽ ലോകത്തിന് ബോധ്യം വരുത്തുന്ന അനുഗ്രഹീതമായ മറ്റൊരു സത്യമാണ് യേശുക്രിസ്തുവിന്റെ നീതി.**(തുടരും)**

## ശ്രദ്ധിച്ചാലും

വരിസംഖ്യ കുടിശ്ശികയുള്ളവരെ നീക്കം ചെയ്തു കൊണ്ട് ആത്മപ്രകാശിനിയുടെ പുതിയ മെയിലിംഗ് ലിസ്റ്റ് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. മാസിക തുടർന്ന് ആവശ്യമെങ്കിൽ കുടിശ്ശികയുള്ള വരിസംഖ്യ എത്രയും വേഗം അയച്ചുതന്ന് മാസിക തുടർന്നും ലഭിക്കുമെന്നുള്ളത് ഉറപ്പാക്കുക.

**മാനേജർ**

# തിമൊഥെയൊസിനു എഴുതിയ ഒന്നാം ലേഖനം: ഒരു പഠനം – 17

ജേക്കബ് തോമസ്, മാവേലിക്കര

**XVII. ശരിയായ നിരീക്ഷണത്തിന്റെ ആവശ്യകത (1 തിമൊ. 5.22–25)**

***യാതോരുത്തന്റെ മേലും വേഗത്തിൽ കൈവെക്കരുത്; അന്യന്മാരുടെ പാപങ്ങളിൽ ഓഹരിക്കാരനാകയുമരുത്. നിന്നെത്തന്നെ നിർമ്മലനായി കാത്തുകൊൾക. മേലാൽ വെള്ളം മാത്രം കുടിക്കാതെ നിന്റെ അജീർണ്ണതയും കൂടെക്കൂടെയുള്ള ക്ഷീണതയും നിമിത്തം അല്പം വീഞ്ഞും സേവിച്ചു കൊൾക. ചില മനുഷ്യരുടെ പാപങ്ങൾ വിസ്താരത്തിന്ന് മുമ്പെ തന്നെ വെളിവായിരിക്കുന്നു. ചിലരുടെ പാപങ്ങളോ ക്രമേണയത്രെ. സൽപ്രവൃത്തികളും അങ്ങനെ തന്നെ വെളിവാകുന്നു; വെളിവാകാത്തവയും മറഞ്ഞിരിക്കയില്ല.***

തിമൊഥെയൊസിന്റെ വ്യക്തിജീവിതത്തിൽ താൻ വളരെ സൂക്ഷമതയുള്ളവനായിരിക്കണം എന്നു മാത്രമല്ല, സഭാജീവിതത്തിലും അതേ നിലയിലുള്ള ശ്രദ്ധ ചെലുത്തേണമെന്ന് ഈ ഭാഗത്ത് പൗലൊസ് തിമൊഥെയൊസിനെ ഓർപ്പിക്കുന്നു. ദൈവഭയവും, സത്യസന്ധതയും, കർമ്മബോധവും കൈമുതലായുള്ള യുവതലമുറയാണ് നമുക്കിന്നാവശ്യം. ആത്മീയരംഗത്ത് ദൈവജനത്തെ മുന്നോട്ട് നയിക്കുവാനുള്ള ദൈവദാസന്മാരായി അവർ മാറേണ്ടതുണ്ട്. ദൈവവചനം പരിശോധിച്ചാൽ, മോശെ ദൈവഭവനത്തിലൊക്കെയും വിശ്വസ്തനായിരുന്നു. ദൈവജനത്തോട് കൂടെ കഷ്ടമനുഭവിക്കുന്നത് അവൻ തിരഞ്ഞെടുത്തു. ശമൂവേൽ ദൈവജനത്തെ ദൈവത്തിലേക്ക് മടക്കിവരുത്തിയ, നവോത്ഥാന നായകനായിരുന്നു. നെഹമ്യാവ് ദൈവജനത്തിന്റെ അഭ്യുന്നതിക്കായി പ്രവർത്തിച്ചു. എന്നാൽ ദൈവജനത്തെ തെറ്റായ ദിശയിലേക്ക് നയിക്കുന്നവരെ സുക്ഷിക്കണമെന്നാണ് പൗലൊസ് പറയുന്നത്.

**1. അന്യരുടെ പാപങ്ങളിൽ പങ്കുചേരാതെയുള്ള സേവനം (5:22)**

നിഷ്പക്ഷതയോടും ദൈവഭയത്തോടും കൂടെയുള്ള സഭാജീവിതം നയിക്കുവാൻ ആവശ്യമായ ചിലകാര്യങ്ങൾ പൗലൊസ് ഇവിടെ ഓർപ്പിക്കുന്നു. ***വേഗത്തിൽ കൈവെക്കുക*** എന്നത് സാധാരണ ചിന്തിക്കുന്നത് പോലെ ശാരീരീക ദണ്ഡനമല്ല; അംഗീകാരം, ശുപാർശ, നിയമനം എന്നീ അർത്ഥങ്ങളിലാണ് അത് ഉപയോഗിച്ചിരിക്കുന്നത്. ആത്മഭാരമില്ലാത്തവരേയും, കാഴ്ചപ്പാടില്ലാത്തവരേയും നിയോഗിക്കുവാൻ പാടില്ല, കാരണം അത് സഭയുടെ നിലനില്പിനെ തന്നെ ബാധിക്കും. ദൈവിക ശുശ്രൂഷകൻ ആത്മീയനായിരിക്കണമെന്ന് മാത്രമല്ല തന്റെ പ്രവർത്തനങ്ങളും, തീരുമാനങ്ങളും സഭയുടെ സാക്ഷ്യത്തിനും അഭ്യുന്നതിക്കും കാരണമാകണം. തിമൊഥെയൊസ് മൂപ്പന്മാരുടേയും, പൗലൊസിന്റേയും കൈവെപ്പിനാലാണ് ശുശ്രൂഷയിലേക്കുള്ള അംഗീകാരം പ്രാപിച്ചത് (1 തിമൊ. 4:14, 2 തിമോ. 1:6). ദൈവഭയവും, ആത്മാർത്ഥതയും, വിശ്വസ്തതയും ഇല്ലാത്ത പലരും ഇന്ന് സഭകൾക്കും, ദൈവവേലക്കും ഭീഷണിയായിത്തീരുന്ന കാഴ്ച നാം കാണുന്നു പൗലൊസിന്റെ മുന്നറിയിപ്പ് ഇന്നത്തെ ആത്മീയലോകത്തിനുള്ള ഒരു വലിയ താക്കീതായി കാണണം. ആത്മീയ പ്രവർത്തനങ്ങളുടെ സുഗമമായ നടത്തിപ്പിന് പലപ്പോഴും തടസ്സമുണ്ടാകുന്നത് ക്രിസ്തുവിന്റെ ഭാവം കുടാതെയുള്ളവർ അവരോധിക്കപ്പെടുന്നതു കൊണ്ടാണ്. അപ്രകാരമുള്ള വ്യക്തികൾ ചെയ്തുകൂട്ടുന്ന പാപപ്രവൃത്തികളുടെ ഫലം മറ്റ് വിശ്വാസികളും അനുഭവിക്കേണ്ടിവരും. അങ്ങനെയുള്ള അന്യരുടെ പാപങ്ങളിൽ തിമൊഥെയൊസ് ഓഹരിക്കാരനാകരുത് എന്നാണ് പൗലൊസ് ഇവിടെ പ്രബോധിപ്പിക്കുന്നത്.

**2. രോഗങ്ങളുടെ മധ്യത്തിലുള്ള സേവനം (5:23)**

ശാരീരീക ബലഹീനതയുടെ മധ്യത്തിലും ദൈവത്തെ സേവിച്ച ദൈവഭൃത്യനായിരുന്നു തിമൊഥെയൊസ്. അജീർണ്ണതയും, കൂടെക്കൂടെയുള്ള ക്ഷീണവും തന്നെ വല്ലാതെ അലട്ടിയിരുന്നു. ശരീരത്തിന് സുഖം പ്രാപിച്ച ശേഷം ദൈവവേല ചെയ്യണം എന്നല്ല തന്റെ രോഗത്തോടു കൂടെ ദൈവത്തെ സേവിക്കണം എന്നതാണ് ദൈവഹിതം. പൗലൊസിന്റെ കാര്യം തന്നെ ചിന്തിക്കുക; രോഗാതുരമായ ശരീരത്തോടെയാണ് താൻ ദൈവത്തെ സേവിച്ചത്. തന്റെ രോഗത്തെ നീക്കം ചെയ്യാതെ ദൈവകൃപയാൽ നിറച്ച് ദൈവം തന്നെ തന്റെ വേലക്കായി ഉപയോഗിച്ചു. വിവിധമായ രോഗങ്ങളോടു കൂടെത്തന്നെ കർത്താവിനെ സേവിക്കുന്ന എത്രയെത്ര ദൈവദാസന്മാരുണ്ട്.

അവരൊക്കെയും പൗലൊസിന്റെ ദൈവത്തെയാണ് സേവിക്കുന്നത്; അവരെ ബലപ്പെടുത്തുന്നത് ദൈവമാണ്. അവരോട് കർത്താവ് പറയുന്ന വാക്കുകൾ, ***എന്റെ കൃപ നിനക്ക് മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നു*** എന്നു തന്നെയാണ്. വീഞ്ഞ് ഒന്നാം നൂറ്റാണ്ടിൽ കേവലം ലഹരിക്കായുപയോഗിക്കുന്ന പാനീയമാ

# കൂടാരത്തിൽ ജീവൻ

കെ.എ.ഡൊമിനിക്ക്, ഒറീസ്സ

ഒറീസ്സായിലെ കൻധമാൽ ജില്ലയിലെ രായിക്കിയ എന്ന സ്ഥലത്ത് സ്ഥാപിച്ചിരിക്കുന്ന റിലീഫ് കൂടാരങ്ങൾ സന്ദർശിച്ചപ്പോൾ ചില അഭയാർത്ഥികൾ പറഞ്ഞ വാചകമാണിത്. "എല്ലാം കൈവിട്ടുപോയെങ്കിലും ദൈവം ഞങ്ങളുടെ ജീവനെ രക്ഷിച്ചു" ഭൗമിക ജീവിത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം അല്പമെങ്കിലും അനുഭവിക്കുന്ന കഷ്ടങ്ങളിലൂടെ സകലവും നഷ്ടപ്പെട്ടവരുടെ ദുഃഖത്തിൽ കലർന്ന സന്തോഷത്തിന്റെ വാക്കുകളാണിത്. പ്രിയരേ, ഒരു ഭൗമിക ശരീരത്തിന് ജീവനുണ്ട് എന്നാൽ അത് ഇഹത്തിൽ മാത്രം ഉള്ളതാണ്. ഏതു നിമിഷവും എന്തും സംഭവിക്കാം. എന്നാൽ ഈ ജീവിതം എന്നേക്കുമായി നിലനിൽക്കണമെങ്കിൽ ദൈവീക ജീവൻ ആവശ്യമാകുന്നു.

**ക്രിസ്തുവെന്ന ജീവൻ (യോഹ. 1:4)**

'അവനിൽ ജീവൻ ഉണ്ടായിരുന്നു. ഈ ഭൗമീകമായ കൂടാരത്തിൽ എപ്പോഴും എന്തും സംഭവിക്കാം. ഇതിനായി തയ്യാറായി കഴിയുന്ന ദുഃഖത്തിന്റെയും ഭാരത്തിന്റെയും ജീവിതം എന്നാൽ അന്ധകാരത്തിൽ (പാപത്തിൽ) വെളിച്ചം പ്രകാശിപ്പിക്കുന്ന പാപസ്വഭാവത്തെ മാറ്റുന്ന നിസ്തുല്യനായ ക്രിസ്തു തങ്ങളുടെ ജീവിതത്തിലേക്ക് രക്ഷിതാവും കർത്താവുമായി കടന്ന് വരുമ്പോൾ തന്റെ ഭൗമീക ജീവിതം വെടിഞ്ഞ് ഒരു മികവുറ്റ ആത്മീക ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്. എത്രയാനന്ദം!! ഈ കൂടാരമാകുന്ന ജീവിതത്തിലെ ക്രിസ്തുവെന്ന ജീവൻ. അത് വിലയേറിയതും അർത്ഥമുള്ളതും ആഴമേറിയതുമാകുന്നു. മനുഷ്യർ തങ്ങളുടെ ബുദ്ധിയും ശക്തിയും ഉപയോഗിച്ച് എന്തൊക്കെയോ നേടുവാൻ ശ്രമിച്ചുകൊണ്ട് ഈ ലോകത്തിൽ തങ്ങളുടെ കൈവിരുത് തെളിയിക്കുന്നു. എന്നാൽ അനേക നാളുകൾകൊണ്ട് ശ്രമിച്ച് ഉണ്ടാക്കുന്നത് നിമിഷനേരംകൊണ്ട് നശിച്ചുപോകുന്നുവെന്ന സത്യം ജനങ്ങൾ മനസ്സിലാക്കേണ്ടതാണ്. ആത്മീക ജീവിതത്തിലും ഈ വക കാര്യങ്ങൾ നന്നേ കുറവല്ല. നാം ആർക്ക് വേണ്ടിയാണ് ജീവിക്കുന്നത് എന്നും ആരാണ് നമ്മിൽ ജീവിക്കുന്നത് എന്നും പലപ്പോഴും മറന്നുപോകുന്നുവോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. സഹോദരങ്ങളേ, കൂടാരത്തിലെ ജീവൻ നിലനിൽക്കുന്ന

---

യിരുന്നില്ല. അത് ആരോഗ്യപരമായ കാര്യങ്ങൾക്കും ഉപയോഗിച്ചിരുന്നു. വൈദ്യശാസ്ത്രം ശൈശവദശയിലായിരുന്ന ആ കാലത്ത് വീഞ്ഞ് ഒരു ഔഷധമായും ഉപയോഗിച്ചിരുന്നു. തന്റെ സഹപ്രവർത്തകന്റെ അനാരോഗ്യത്തെ അടുത്തറിയുന്ന പൗലൊസ് അതിനുള്ള പ്രതിവിധി ഇവിടെ നിർദ്ദേശിക്കുന്നു, പൗലൊസ് തിമൊഥെയൊസിനെ തന്റെ ആരോഗ്യപരമായ കാര്യത്തിന് അല്പം വീഞ്ഞ് സേവിക്കാം എന്ന് ഓർമ്മപ്പെടുത്തുന്നതിലൂടെ തിമൊഥെയൊസ് വീഞ്ഞ് ആരോഗ്യപരമായ കാരണങ്ങൾക്ക് പോലും ഉപയോഗിച്ചിരുന്നില്ല എന്ന് തെളിവാകുന്നു.

**3. സംശുദ്ധമായ സേവനം (5:24-25)**

സഭാനേതൃത്വത്തോടുള്ള ബന്ധത്തിൽ തന്നെയാണ് ഈ വാക്യങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത്. വളരെ സൂക്ഷമതയോടെയാണ് സഭാജീവിതത്തിൽ വ്യക്തികളെ വിലയിരുത്തേണ്ടത് എന്ന് ഇതിനാൽ ഗ്രഹിക്കാം. ജീവനുള്ള ദൈവത്തിന്റെ ദൈവാലയമാകുന്ന സഭ ഏറ്റവും പരിപാവനമായി സൂക്ഷിക്കപ്പെടേണ്ടതാണ്, മാതൃകാപരമായ ക്രിസ്തീയ ജീവിതം ഇല്ലാത്ത, ദൈവവചനത്തിന്റെ നിർമലമായ സത്യങ്ങൾക്കനുസരിച്ച് ജീവിക്കാത്തവരെക്കുറിച്ചാണ് ഇവിടെ പറയുന്നത്. അപ്രകാരം ശോധനചെയ്യേണ്ട വ്യക്തികളെ രണ്ടായി തരം തിരിച്ചിരിക്കുന്നു. പാപം വളരെ വ്യക്തമായി വെളിപ്പെടുത്തുന്നവർ–ദൈവവേലക്കാരുടെ ഭാവത്തിൽ വരികയും വളരെ വേഗം അവരുടെ തനി പ്രകൃതം വെളിപ്പെടുത്തുന്നവർ; അവർ ജനങ്ങളെ കബളിപ്പിക്കയും, ദൈവവേലയെ തുച്ഛീകരിക്കയും, സഭാനേതൃത്വത്തെ പരിഹസിക്കയും ചെയ്യുന്നവരാണ്. മറ്റ് ചിലരെ സംബന്ധിച്ച് അവരുടെ പാപപ്രവൃത്തികൾ ക്രമേണ മാത്രമേ വെളിപ്പെടുകയുള്ളു. നല്ലവരുടെ കാര്യത്തിലും ഇക്കാര്യം വാസ്തവമാണ്; ഏറ്റവും നല്ലവരാണെന്ന് പെട്ടെന്ന് തിരിച്ചറിയുവാൻ കഴിയില്ല.

ഈ വിധകാര്യങ്ങളെല്ലാം പൗലൊസ് എഴുതുന്നത് അന്യരുടെ പാപങ്ങളിൽ തിമൊഥെയൊസ് ഓഹരിക്കാരനാകരുത് എന്ന ഉദ്ദേശ്യത്തോടെയാണ്. ഇന്ന് നമ്മുടെ സ്ഥിതിയെന്താണ്? പല കാര്യങ്ങൾക്കും കൂട്ടുനില്ക്കുന്നത് തെറ്റാണന്നറിഞ്ഞിട്ടും നാം പരിശുദ്ധാത്മാവിന്റെ മുന്നറിയിപ്പിനെ അവഗണിച്ച് പലരുടേയും പാപങ്ങളിൽ കൂട്ടാളികളാകുന്നില്ലേ? പൗലൊസിന്റെ പ്രബോധനം തിമൊഥെയൊസിനു മാത്രമുള്ളതാണെന്ന് പറഞ്ഞ് തള്ളരുത്; ഈ സന്ദേശം നാം നമ്മുടെ നിത്യജീവിതത്തിൽ കുറിക്കൊള്ളേണ്ട ദൈവിക ആലോചനയാണെന്ന് തിരിച്ചറിയുക. അത് ജീവിതത്തിൽ പകർത്തുക; അതിനായി ദൈവം സഹായിക്കട്ടെ. **(തുടരും)**

## ANNEXURE

I, C.A. George declare that I am the publisher of the News paper entitled Athma Prakashini to be printed and published at Kumbanad and the particulars in respect of the news papers given hereunder are true to the best of my knowledge and belief.

| | | | |
|---|---|---|---|
| 1. | Tittle of the news Paper | : | Athma Prakashini |
| 2. | Languages (s) in which it is (To be published) | : | Malayalam |
| 3. | Periodicity of the publication | | |
| a. | Whether, Daily, Triweekly, fortnightly or other wise | : | Monthly |
| b. | In the case news paper other than a daily please state whether the days (date which it is to be published) | : | 10th of every month |
| 4. | Retail selling price of the news paper is for free distribution please state that it is for free distribution | : | Rs.50/- Annually |
| 5. | Publisher's name | : | C.A.George |
| 6. | Printer's name | : | C.A.George |
| 7. | Place of Publication (Please give the complete address) | : | Kumbanad |
| 8. | Names (s) of the printing press whether the printing is to be conducted and the true and description of premises on which the press(es) is /are installed. | : | Excel Offset Printers, Omallor |
| 9. | Editors Name (s) | : | K.A. Philip, Dr. K.C. Johnson Dr. O.M.Samuel |
| a. | Please state the particulars of individuals or of the firm joint stock companies trust Co-operative societies Association which owned the news paper. | : | Athmaprakashini Publications Kumbanad 689 547 |
| 10. | Please state the decleration in respect of | | |
| | a) News Paper, b) an existing, c) Incase the declaration falls under d) The reason for filling the fresh declaration. | : | Existing |
| 11. | Designation | : | Sd/ C.A.George Publisher |

Kumbanad
10-03-09

തായിരിക്കണം. ആത്മീക ജീവിതം ക്രിസ്തുവിന് യോഗ്യമാകേണ്ടതാണ്.

**എനിക്ക് ജീവിക്കുന്നത് ക്രിസ്തു – (ഫിലി. 1:23)**

ദൈവീക ശുശ്രൂഷയുടെ പേരിൽ ജയിൽശിക്ഷ അനുഭവിച്ചുകൊണ്ട് കഴിയുന്ന ദൈവദാസന്റെ സുപ്രധാനമായ വാചകമാണ് എനിക്ക് ജീവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവുമാകുന്നുവെന്നത്. ദൈവീക കാര്യങ്ങളിൽ പൗലൊസ് ശ്രദ്ധിച്ചിരുന്നുവെന്നത് വ്യക്തം. ഇത് ജയിൽവാസമാണെങ്കിലും അത് ക്രിസ്തുവിനുവേണ്ടിയാണ് എനിക്കായിട്ടല്ല. എനിക്കുള്ളത് ചപ്പും ചവറും എന്ന് എണ്ണി (ഫിലി. 3:11). ഈ കൂടാരത്തിൽ ഭൗമീകമായി നേടിയത് എന്നെ നേർവഴിക്കു നയിച്ചില്ല എന്നതാണ് താൻ പറയുന്നതിന്റെ അർത്ഥം. എന്നാൽ പവിത്രൻ, നിർദോഷൻ, നിർമ്മലൻ, പാപികളോട് വേർവിട്ടവൻ, സ്വർഗ്ഗത്തേക്കാൾ ഉന്നതനായിത്തീർന്നവൻ എന്നീ ഗുണങ്ങളുള്ള ക്രിസ്തുവിൽ പൗലൊസ് ശരണപ്പെടുകയാണ് ചെയ്തത് (എബ്രാ. 7:26). യഥാർത്ഥമായ നേർവഴിക്ക് കൊണ്ടുവന്ന് പാപമോചനം തന്ന് നിത്യമായ സ്വർഗ്ഗത്തിന് അവകാശം തന്ന കർത്താവ് ഇന്നും ജീവിക്കുന്നു. ക്രിസ്തുവിനായി ജീവിക്കാം.

പ്രിയരേ, നമ്മുടെ ജീവിതമാകുന്ന കൂടാരത്തിൽ വിലയേറിയ ദൈവീക ജീവന്റെ സ്പന്ദനങ്ങൾ അനുഭവിച്ചറിയുന്നുണ്ടോയെന്ന് പരിശോധിച്ച് ആ കർത്താവിന്റെ ജീവനുള്ള നിയന്ത്രണത്തിനധീനമായി ജീവിച്ച് നമ്മുടെ കർത്താവിനെ പ്രസാദിപ്പിക്കുവാൻ സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ. ●

# സമാധാനം

രത്നാ ജേക്കബ്, പുതുപ്പള്ളി

"സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നത് നിങ്ങളുടെ ഹൃദയം കലങ്ങരുത് ഭ്രമിക്കുകയും അരുത്" (യോഹ. 14:27). നമ്മുടെ വാഴ്ത്തപ്പെട്ട കർത്താവ് ഈ ഭൂമിയിൽ ആയിരുന്നപ്പോൾ തന്റെ ഈ ലോക ജീവിതത്തിന്റെ അന്ത്യമണിക്കൂറുകളിൽ തന്റെ ശിഷ്യന്മാരോടു പറഞ്ഞ വാക്കുകൾ ഭയത്തിന്റെയും അസമാധാനത്തിന്റെയും ലോകത്തിൽ ദൈവമക്കളാകുന്ന നമുക്ക് എത്രയോ ധൈര്യവും ആശ്വാസവും പ്രത്യാശയും പ്രദാനം ചെയ്യുന്നതാണ്. ലോകം തരുന്ന സമാധാനം ശാശ്വതമല്ല. എന്നാൽ യേശു ക്രിസ്തു നമ്മുടെ സമാധാനം ആയിത്തീർന്നു. എങ്ങനെ? നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ അവന്റെ മേൽ ആയതുനിമിത്തം (യെശ. 53:4). നമ്മുടെ സകല പ്രശ്നങ്ങൾക്കും പരിഹാരം നമ്മുടെ യേശുകർത്താവു മാത്രം. കൃപയാൽ വിശ്വാസം മൂലം നീതീകരിക്കപ്പെട്ടവരായ നമുക്ക് കർത്താവായ യേശുക്രിസ്തു മൂലം ദൈവത്തോട് സമാധാനം ഉണ്ട് (റോമർ. 5:1). അവൻ വന്നു ദൂരത്തായിരുന്ന നമുക്കു സമാധാനം സുവിശേഷിച്ചു. അവൻ മുഖാന്തിരം ദൂരസ്ഥരായിരുന്ന നമുക്കും ഏകാത്മാവിനാൽ പിതാവിങ്കലേക്ക് പ്രവേശനം തന്നു. അതുകൊണ്ട് നാം ഇനി അന്യൻമാരും പരദേശികളും അല്ല. വിശുദ്ധന്മാരുടെ സഹപൗരന്മാരും ദൈവത്തിന്റെ ഭവനക്കാരും അത്രേ. അവനിൽ ആശ്രയിച്ചിട്ട് അവങ്കലുള്ള വിശ്വാസത്താൽ നമുക്കു ധൈര്യവും പ്രവേശനവും ഉണ്ട്.

ദുഷ്ടന്മാർക്ക് സമാധാനം ഇല്ല എന്നു എന്റെ ദൈവം അരുളിച്ചെയ്യുന്നു (യെശ 57:21). അവർ കലങ്ങിമറിയുന്ന കടൽപോലെ ആകുന്നു. അവർ ചേറും ചെളിയും മേല്പോട്ടു തള്ളുന്നു. നാമും ഒരു കാലത്തു ദുഷ്ടസ്ത്രീകളായി അലഞ്ഞു നടന്നവർ തന്നെ ആയിരുന്നു. ദൈവത്തോടു ശത്രുക്കളായിരുന്നു. പ്രത്യാശയില്ലാത്തവരും ദൈവമില്ലാത്തവരും ആയിരുന്നു. ദൈവത്തോട് അടുക്കുവാൻ യാതൊരു അർഹതയും നമുക്ക് ഇല്ലായിരുന്നു. എന്നാൽ നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ നമ്മുടെ പ്രാണപ്രിയൻ കാൽവറി ക്രൂശിൽ സഹിച്ചതുമൂലം നാം ഇന്നു ദൈവമക്കൾ ആയിത്തീർന്നിരിക്കുന്നു. നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവ് നമുക്ക് എത്രവലിയ സ്നേഹം നൽകിയിരിക്കുന്നു. അങ്ങനെ തന്നെ നാം ആകുന്നു. യോഹന്നാൻ പിന്നെയും ഉറപ്പിച്ചു പറയുന്നു. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു (യോഹ. 3:1,2).

നമ്മുടെ ദൈവം സമാധാനത്തിന്റെ ദൈവമാണ് (1 കൊരി 14:33). കർത്താവു താൻ സ്നേഹിക്കുന്നവനെ ശിക്ഷിക്കുന്നു. ഏതു ശിക്ഷയും തല്ക്കാലം സന്തോഷകരമല്ല. ദുഃഖകരമത്രെ യെന്നു തോന്നും. പിന്നത്തേതിലോ അതിനാൽ അഭ്യാസം വന്നവർക്ക് നീതി എന്ന സമാധാനഫലം ലഭിക്കും (എബ്രാ. 12:11) നമ്മുടെ കർത്താവ് സമാധാനപ്രഭുവാണ്. അവൻ നമ്മെ അനാഥരായി വിടുകയില്ല. അവൻ നമ്മെ ഒരുനാളും കൈവിടുകയില്ല. ഉപേക്ഷിക്കയും ഇല്ല. സ്ഥിരമാനസൻ നിന്നിൽ ആശ്രയം വെച്ചിരിക്കകൊണ്ട് നീ അവനെ പൂർണ്ണ സമാധാനത്തിൽ കാക്കുന്നു (യെശ. 26:3). പർവ്വതങ്ങൾ മാറിപ്പോകും, കുന്നുകൾ നീങ്ങിപ്പോകും. എന്നാൽ എന്റെ ദയ നിന്നെ വിട്ടു മാറുകയില്ല. എന്റെ സമാധാനനിയമം നീങ്ങിപ്പോകയും ഇല്ല എന്നു നിന്നോട് കരുണയുള്ള കർത്താവ് അരുളിച്ചെയ്യുന്നു (യെശ. 54:10). യോർദ്ദാന്റെ ആഴങ്ങളിലും നിർഭയരായിരിപ്പാൻ ദൈവമക്കൾക്കു സാധിക്കും. കാരണം അവരോടുകൂടെ ഇരിക്കുന്നത് സമാധാനത്തിന്റെ ദൈവമാണ്. നാം ഒന്നിനെക്കുറിച്ചും വിചാരപ്പെടാതെ എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നമ്മുടെ ആവശ്യങ്ങളെ സ്തോത്രത്തോടുകൂടെ ദൈവത്തോട് അറിയിക്കുമ്പോൾ സകല ബുദ്ധിയെയും കവിയുന്ന ദൈവ സമാധാനത്താൽ പിതാവായ ദൈവം നമ്മുടെ ഹൃദയങ്ങളെയും നിനവുകളെയും ക്രിസ്തുയേശുവിങ്കൽ കാക്കും (ഫിലി. 4:6,7). നാം ഏക ശരീരമായി വിളിക്കപ്പെട്ടത് ക്രിസ്തുവിന്റെ സമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴുന്നതിനു വേണ്ടിയാണ് (കൊലൊ. 3:14).

നമ്മിൽ അധിവസിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലമാണ് സമാധാനം. ആത്മാവിന്റെ ഐക്യത സമാധാന ബന്ധത്തിൽ കാക്കുവാൻ പറഞ്ഞിരിക്കുന്നു. സമാധാനത്തിന്റെ ദൈവവും കർത്താവുമായവൻ ഇന്നു നമ്മോടുകൂടെ ഉണ്ട്. അവൻ ലോകത്തെ ജയിച്ചവൻ ആകുന്നു. ഭയപ്പെടേണ്ട എന്നു പറഞ്ഞ് അവൻ നമ്മെ ഓരോ നിമിഷവും ആശ്വസിപ്പിച്ചു വഴി നടത്തുന്നു. അവനിൽ നമുക്ക് സമാധാനം ഉണ്ട് (യോഹ. 16:33). സഹോദരിമാരേ, നമ്മുടെ സമാധാനത്തിനായുള്ള ശിക്ഷ തന്റെ മേൽ വഹിച്ച ഈ സമാധാന പ്രഭുവിനെ നോക്കുവാൻ അവനിൽ വിശ്വസിച്ച് പാപമോചനവും നിത്യ ജീവനും പ്രാപിക്കുവാൻ ദൈവമക്കളായി തീരു

(ശേഷം 18-ാം പേജിൽ )

# ഒരു അനുസ്മരണം
# പരേതനായ മട്ടയ്ക്കൽ (കോയിപ്രം) അവറാച്ചൻ

ഏബ്രഹാം ജോസഫ്, ബാംഗ്ലൂർ



മട്ടയ്ക്കൽ അവറാച്ചൻ (103) 23-01-09 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. കേരളത്തിൽ തമിൾ ഡേവിഡിന്റെ ആഗമനത്തോടെ സുവിശേഷത്തിന്റെ ഉണർവ്വിൻ കാലയളവിൽ സമുദായ കെട്ടുപാടുകളിൽ നിന്ന് വിശ്വാസത്തിലേക്ക് വന്ന ആദ്യ ഭവനങ്ങളിലൊന്നാണ് കോയിപ്രത്ത് മട്ടയ്ക്കൽ ഭവനം.

കേരളത്തിലേക്ക് സുവിശേഷവുമായി വന്ന ജോൺ എ.ഡി. ഖാൻ (കൽക്കത്ത) ഡോ. നിക്കോൾസൺ റോയി, (Assam) മഹാകവി കെ.വി. സൈമൺ തന്റെ ശിഷ്യന്മാർ, ഡോ. ജോൺ തോമസ്, കുഞ്ഞപ്പി ഉപദേശി, കുമ്പനാട്ട് അച്ചൻ മുതലായ ആദ്യകാല സുവിശേഷകന്മാരെയും വിദേശ മിഷണറിമാരെയും സ്വഭവനത്തിൽ സ്വീകരിക്കുകയും വേണ്ട ശുശ്രൂഷകൾ ചെയ്യുകയും ചെയ്ത പരേതനായ മട്ടയ്ക്കൽ ചാക്കോച്ചന്റെ പിൻ തലമുറക്കാരനായി ജനിച്ച് അതേ ശുഷ്കാന്തിയിലും ശുശ്രൂഷയിലും നിലനിന്ന പിതാവാണ് പരേതനായ മട്ടയ്ക്കൽ അവറാച്ചൻ. തന്റെ മക്കൾ 8 പേരെയും വളരെ ശിക്ഷണത്തിലും ദൈവഭയത്തിലും വളർത്തി. രാവിലെയും വൈകിട്ടുമുള്ള കുടുംബപ്രാർത്ഥന വളരെ നിഷ്ഠയോടുകൂടി നിർവ്വഹിക്കുന്നതിൽ താൻ ശ്രദ്ധിച്ചിരുന്നു. വേദപുസ്തകത്തിൽ നിന്ന് തുടർമാനമായി വൈകിട്ടത്തെ കുടുംബപ്രാർത്ഥനയിൽ വായിക്കുകയും അല്പസമയം അതിലെ വിഷയത്തെക്കുറിച്ച് താൻ സംസാരിക്കുകയും ചെയ്തിരുന്നു. അങ്ങനെ ലഭിച്ച ധ്യാനചിന്തകൾ എന്റെ ആത്മീയ ജീവിതത്തിന് ഇന്നും പ്രചോദനം നൽകുന്നു.

മക്കൾ ജോലിയിൽ ആയിരുന്ന സ്ഥലങ്ങളിൽ വേർപാട് വിശ്വാസികളോടു ചേർന്ന് കർത്താവിനെ ആരാധിക്കുകയും ആത്മീക ശുശ്രൂഷകൾ ദൈവമക്കളോട് ചേർന്ന് ചെയ്യുവാനും ഇടയായിട്ടുണ്ട്. കൊച്ചുമക്കളിൽ പലരും കർത്താവിന്റെ വയൽ പ്രദേശത്ത് ശുശ്രൂഷയിലാണ്. പ്രാർത്ഥനയ്ക്കായി താൻ വളരെ സമയം എടുത്തിരുന്നു. കുടുംബാംഗങ്ങളെയും സഹവിശ്വാസികളെയും രോഗികളെയും രാജ്യത്തെയും പ്രാർത്ഥനാ സമയത്ത് ഓർക്കുമായിരുന്നു. ശാരീരിക ക്ഷീണമെല്ലാം മറന്ന് ഉച്ചത്തിൽ ദൈവത്തെ സ്തുതിക്കുന്നത് രാത്രിയുടെ യാമങ്ങളിൽ തുടർന്നിരുന്നു.

സഭായോഗങ്ങളിലും പ്രാർത്ഥനാ യോഗങ്ങളിലും താൻ സജീവമായി പങ്കെടുത്തിരുന്നു. എന്നാൽ വാർദ്ധക്യത്തിന്റെ ആധിക്യത്താലും ശരീരത്തിന്റെ ബലഹീനത നിമിത്തവും ചില വർഷങ്ങൾ തനിക്ക് സഭായോഗങ്ങൾക്കോ മറ്റുകൂടിവരവുകൾക്കോ കടന്നുചെല്ലുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഈ കാലയളവിൽ തന്റെ ആഗ്രഹപ്രകാരം ചിലപ്പോൾ സഭയുടെ ആരാധനാ യോഗങ്ങൾ, പ്രാർത്ഥനാ യോഗങ്ങൾ ഭവനത്തിൽ ക്രമീകരിക്കാനും ഇടയായിട്ടുണ്ട്. തന്റെ 100-ാമത്തെ വയസ്സിൽ ഭവനത്തിൽ വച്ച് കോയിപ്രം സഭയുടെ സ്തോത്ര ശുശ്രൂഷയും നടന്നു. തന്റെ 103-ാം വയസ്സുവരെ കോയിപ്രത്ത് മട്ടയ്ക്കൽ ഭവനത്തിൽ തന്നെ പാർത്തു.

ആത്മീയ ജീവിതത്തിൽ ഞങ്ങൾക്കേറ്റവും മാതൃകയായിരുന്ന പ്രിയ മാതാവ് 30 വർഷങ്ങൾക്കു മുമ്പ് കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെട്ടു. ഈ കാലയളവിലും ഒരു പിറുപിറുപ്പും കൂടാതെ ഏറിയ വിശ്വാസത്താൽ താൻ ജീവിച്ചു.

താൻ കടന്നു പോകുന്നതിന് ചില മാസങ്ങൾ മുമ്പ് തന്റെ കാഴ്ച ഒരു സ്ട്രോക്ക് മൂലം നഷ്ടപ്പെട്ടു. എന്നാൽ ഓർമ്മയ്ക്ക് ഒരു കുറവും സംഭവിച്ചില്ല. ഈ സമയങ്ങളിൽ KVS ന്റെ പാട്ടുകൾ പാടി ആശ്വസിക്കുമായിരുന്നു.

താൻ കുമ്പനാട് ഫെല്ലോഷിപ്പ് ആശുപത്രിയിൽ ആയിരുന്നപ്പോൾ അനേക ദൈവമക്കൾ തന്നെ വന്നു കാണുകയും പ്രാർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. കടന്നുപോകുന്നതിന് 2 ദിവസം മുമ്പ് വരെയും തിരിച്ചറിയുവാൻ കഴിയുമായിരുന്നു. മക്കൾ എല്ലാവരും മാറിമാറി തന്നെ ശുശ്രൂഷിക്കുവാനുള്ള ഭാഗ്യവും തനിക്കും മക്കൾക്കും ലഭിച്ചു. തന്റെ ശരീര ക്ലേശങ്ങൾ പെട്ടെന്ന് വർദ്ധിക്കുകയും 23-01-09 ന് തന്റെ ആത്മാവ് താൻ പ്രിയം വെച്ച കർത്തൃസന്നിധിയിലേക്ക് ചേർക്കപ്പെടുകയും ചെയ്തു. ദൈവം ദീർഘായുസ്സുകൊണ്ട് തന്നെ തൃപ്തിപ്പെടുത്തി. 6 തലമുറകളെ താൻ ഈ ഭൂമിയിൽ വച്ചു കണ്ടു.

കാഹളം ധ്വനിക്കുന്ന നാളിൽ നമുക്ക് മുമ്പെ കടന്നുപോയ എല്ലാ പ്രിയപ്പെട്ടവരെയും ദൈവമക്കളെയും കർത്താവിന്റെ സന്നിധിയിൽ കാണാമെന്നുള്ള പ്രത്യാശയിൽ തന്റെ ഭൗതിക ശരീരം 31-01-09 ന് ശുശ്രൂഷകൾക്കു ശേഷം കോയിപ്രം എബനേസർ ബ്രദറൺ സഭാ സെമിത്തേരിയിൽ അനേക വിശ്വാസികളുടെയും ബന്ധുമിത്രാദികളുടെയും സാന്നിദ്ധ്യത്തിൽ സംസ്ക്കരിച്ചു. ●

---

(17 -ാം പേജിൽ നിന്നും തുടർച്ച)

വാൻ എളിയവരായ നമുക്കും കൃപയാൽ ഭാഗ്യം ലഭിച്ചതോർത്ത് നമ്മുടെ രക്ഷിതാവായ ദൈവത്തെ സ്തുതിക്കുന്നു. ഈ സമാധാന ദായകനിൽ നമുക്ക് ധൈര്യപ്പെടാം. ആശ്രയിക്കാം. അവനെ പൂർണ്ണമായി വിശ്വസിക്കാം. സ്നേഹിക്കാം. സേവിക്കാം. കൂടാതെ ദൈവമക്കൾ എന്ന നിലയിൽ നമുക്കു തമ്മിലും എല്ലാവരോടും സമാധാനമായിരിക്കാം. സർവ്വ കൃപാലുവായ ദൈവം നമ്മെ അതിനായി ശക്തീകരിക്കട്ടെ. അവന്റെ വലിയ നാമം വാഴ്ത്തപ്പെടുമാറാകട്ടെ. ആമേൻ. ●

# ബൈബിൾ പ്രശ്നാവലി (വചനധ്യാനം) നം.103-ഉത്തരം

**വിഷയം : ദൈവമക്കളുടെ സന്തോഷം**

**വായനാഭാഗം** : സങ്കീ. 16 (രണ്ടു ചോദ്യം) സങ്കീ. 35,122, യെശ. 51, പ്രവൃ. 5, 2 കൊരി. 6, ഫിലി. 4, 1 പത്രൊസ് 4

I. നമുക്ക് എവിടേക്ക് പോകാമെന്ന് ഭക്തനായ ദാവീദിനോടു പറഞ്ഞപ്പോഴാണ് അവൻ സന്തോഷിച്ചത്?

ഉത്തരം : സങ്കീ. 122:1 യഹോവയുടെ ആലയത്തിലേക്ക് നമുക്കു പോകാം എന്ന് ദാവീദിനോടു പറഞ്ഞപ്പോൾ അവൻ സന്തോഷിച്ചു.

ഒ.വാ. (1) സങ്കീ. 27:4 യഹോവയുടെ മനോഹരത്വം കാണ്മാനും അവന്റെ മന്ദിരത്തിൽ ധ്യാനിപ്പാനും എന്റെ ആയുഷ്കാലമൊക്കെയും ഞാൻ (ദാവീദ്) യഹോവയുടെ ആലയത്തിൽ പാർക്കേണ്ടതിനും തന്നേ. (2) പ്രവൃ. 2:28....നീ ജീവന്റെ മാർഗ്ഗങ്ങളെ എന്നോടറിയിച്ചു; നിന്റെ സന്നിധിയിൽ എന്നെ സന്തോഷ പരിപൂർണ്ണനാക്കും. (3) സങ്കീ. 84:10 നിന്റെ പ്രാകാരങ്ങളിൽ കഴിക്കുന്ന ഒരു ദിവസം വേറെ ആയിരം ദിവസങ്ങളേക്കാൾ ഉത്തമമല്ലോ. (4) സങ്കീ. 43:4........ ഞാൻ എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലും.

II. യഹോവയെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നതുകൊണ്ടുള്ള മൂന്ന് അനുഗ്രഹങ്ങൾ ഏവ?

ഉത്തരം : സങ്കീ. 16:8-9 . ഞാൻ യഹോവയെ എന്റെ മുമ്പിൽ വെച്ചിരിക്കുന്നതുകൊണ്ട്:

1. ഞാൻ കുലുങ്ങിപ്പോകയില്ല. (2) എന്റെ ഹൃദയം സന്തോഷിച്ച് എന്റെ മനസ്സ് ആനന്ദിക്കുന്നു. (3) എന്റെ ജഡം നിർഭയം വസിക്കും.

**ഒ.വാ.** സങ്കീ. 125:1 യഹോവയിൽ ആശ്രയിക്കുന്നവൻ കുലുങ്ങാതെ എന്നേയ്ക്കും നില്ക്കുന്ന സീയോൻ പർവ്വതം പോലെയാകുന്നു. (2) സങ്കീ. 145:18 സത്യമായി തന്നെ വിളിച്ചപേക്ഷിക്കുന്ന ഏവർക്കും യഹോവ സമീപസ്ഥൻ. (3) സങ്കീ. 16:8-9 യഹോവ എന്റെ വലത്തുഭാഗത്തുള്ളതുകൊണ്ട് ഞാൻ കുലുങ്ങിപ്പോകയില്ല. എന്റെ ഹൃദയം സന്തോഷിച്ച് എന്റെ മനസ്സ് ആനന്ദിക്കുന്നു. (4) 1 പത്രൊ. 4:13. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്ക് പങ്കുള്ളവരായി സന്തോഷിച്ചാൽ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

III. അപ്പോസ്തലന്മാരെ അടിപ്പിച്ച് തടവിൽ നിന്ന് വിട്ടപ്പോൾ അവർ സന്തോഷിച്ചതിന്റെ കാരണമെന്ത്?

ഉത്തരം : പ്രവൃ. 5:41 തിരുനാമത്തിനുവേണ്ടി അപമാനം സഹിപ്പാൻ യോഗ്യരായി എണ്ണപ്പെടുകയാൽ അപ്പോസ്തലന്മാർ സന്തോഷിച്ചുകൊണ്ട് പുറപ്പെട്ടു പോയി. (കേവലം കാരാഗൃഹത്തിൽ നിന്നു വിട്ടതുകൊണ്ടല്ല.)

(1) മത്താ. 5:11,12 എന്റെ നിമിത്തം നിങ്ങളെ പഴിക്കയും ഉപദ്രവിക്കയും എല്ലാ തിന്മയും കളവായി പറകയും ചെയ്യുമ്പോൾ നിങ്ങൾ ഭാഗ്യവാന്മാർ. സ്വർഗ്ഗത്തിൽ നിങ്ങളുടെ പ്രതിഫലം വലുതാകകൊണ്ട് സന്തോഷിച്ച് ഉല്ലസിപ്പിൻ. (2) 2 കൊരി 12:10 പൗലൊസ് ക്രിസ്തുവിനു വേണ്ടി ബലഹീനത, കയ്യേറ്റം, ബുദ്ധിമുട്ട്, ഉപദ്രവം, ഞെരുക്കം എന്നിവ സഹിപ്പാൻ ഇഷ്ടപ്പെടുന്നു. (3) ഫിലി. 1:29 ക്രിസ്തുവിൽ വിശ്വസിപ്പാൻ മാത്രമല്ല; അവനുവേണ്ടി കഷ്ടം അനുഭവിപ്പാനും നിങ്ങൾക്ക് വരം നൽകിയിരിക്കുന്നു. (4) 1 പത്രൊ. 5:10 അല്പകാലത്തേക്കു കഷ്ടം സഹിക്കുന്ന നിങ്ങളെ ക്രിസ്തുവിൽ തന്റെ നിത്യതേജസ്സിന്നായി വിളിച്ചിരിക്കുന്നു......

IV(a). ഒന്നിലും ഇടർച്ചയ്ക്കു ഹേതുവാകാതെ കർത്തൃദാസന്മാർ സഹിച്ച കഷ്ടങ്ങൾ ഏവ?

2 കൊരി. 6:3-10...... ബഹു സഹിഷ്ണുത, കഷ്ടം, ബുദ്ധിമുട്ട്, സങ്കടം, തല്ല്, തടവ്, കലഹം, അദ്ധ്വാനം, ഉറക്കിളപ്പ്, പട്ടിണി, മാനാപമാനങ്ങൾ, ദുഷ്കീർത്തി . . . ., മരിക്കുന്നവർ, ശിക്ഷിക്കപ്പെടുന്നവർ.

ഒ.വാ. (1) 2 കൊരി. 11:23-27 പൗലൊസ്: ഞാൻ ഏറ്റവും അധികം അദ്ധ്വാനിച്ച്, അധികം പ്രാവശ്യം തടവിലായി, അനവധി അടികൊണ്ടു, ഒരിക്കൽ കല്ലേറു കൊണ്ടു. പലപ്പോഴും പ്രാണഭയത്തിലായി, യഹൂദന്മാരാൽ ഒന്നു കുറയെ നാല്പത് അടി അഞ്ചു വട്ടം കൊണ്ടു, മൂന്നുവട്ടം കോലിനാൽ അടി കൊണ്ടു. മൂന്നുവട്ടം കപ്പൽച്ചേതത്തിൽ അകപ്പെട്ടു. ഒരു രാപ്പകൽ വെള്ളത്തിൽ കഴിച്ചു. നദികളിലെ ആപത്ത്, കള്ളന്മാരാലുള്ള ആപത്ത്, സ്വജനത്താലുള്ള ആപത്ത്, ജാതികളാലുള്ള ആപത്ത്, പട്ടണത്തിലെ ആപത്ത്, കാട്ടിലെ ആപത്ത്, കടലിലെ ആപത്ത്, കള്ളസഹോദരന്മാരാലുള്ള

ആപത്ത്, അദ്ധ്വാനം പ്രയാസം, പലവട്ടം ഉറക്കിളപ്പ്, പൈദാഹം, പലവട്ടം പട്ടിണി, ശീതം, നഗ്നത (കൂടാതെ 2.കൊരി. 4:8-9, 1 കൊരി. 4:11-13)

V. ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചാലുള്ള ഫലം എന്ത്?

ഉത്തരം. 1 പത്രോ. 4:13 ക്രിസ്തുവിന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകുന്തോറും സന്തോഷിച്ചു കൊൾവിൻ; അങ്ങനെ നിങ്ങൾ അവന്റെ തേജസ്സിന്റെ പ്രത്യക്ഷതയിൽ ഉല്ലസിച്ചാനന്ദിപ്പാൻ ഇടവരും.

ഒ.വാ. (1) 2. കൊരി 4:17 നൊടിനേരത്തേക്കുള്ള ലഘുവായ കഷ്ടം അത്യന്തം അനവധിയായി തേജസ്സിന്റെ നിത്യഘനം ഞങ്ങൾക്കു കിട്ടുവാൻ ഹേതുവാകുന്നു. (2) റോമ. 8:17 നാം അവനോടുകൂടെ തേജസ്കരിക്കപ്പെടേണ്ടതിന് അവനോടുകൂടെ കഷ്ടമനുഭവിച്ചാലത്രേ. (3) യാക്കോ. 1:2 നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സ്ഥിരത ഉളവാക്കുന്നു എന്ന് അറിഞ്ഞ് അത് അശേഷം സന്തോഷം എന്ന് എണ്ണുവിൻ. (4) വെളി. 21:4 ദൈവം താൻ അവരുടെ കണ്ണിൽ നിന്ന് കണ്ണുനീരെല്ലാം തുടച്ചു കളയും.

VI. "എന്റെ ഉള്ളം ആരിൽ ആനന്ദിക്കും, എന്തിൽ സന്തോഷിക്കും? എന്ന് ഭക്തനായ ദാവീദ് പാടി.

സങ്കീ, 35:9 "എന്റെ ഉള്ളം യഹോവയിൽ ആനന്ദിക്കും; എന്റെ രക്ഷയിൽ സന്തോഷിക്കും" എന്ന ഭക്തനായ ദാവീദ് പാടി.

ഒ.വാ.(10 1. യെശ. 61:7,10 നിത്യാനന്ദം അവർക്ക് ഉണ്ടാകും. ഞാൻ യഹോവയിൽ ഏറ്റവും ആനന്ദിക്കും; എന്റെ ഉള്ളം എന്റെ ദൈവത്തിൽ ഘോഷിച്ചുല്ലസിക്കും. (2) ഫിലി. 4:10 പൗലൊസ് പറയുന്നു. ഞാൻ കർത്താവിൽ വളരെ സന്തോഷിക്കും. (3) ലൂ. 1:47 എന്റെ ആത്മാവ് എന്റെ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിക്കുന്നു. (4) 2 കൊരി 7:4...... ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്ക് കവിഞ്ഞിരിക്കുന്നു. കൂടാതെ 1 പത്രൊ. 1:9, യെശ. 35:10

VII. കർത്താവിൽ എപ്പോഴെല്ലാം സന്തോഷിക്കാം.

ഉത്തരം : ഫിലി 4:4, കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ. (1 തെസ്സ. 5:16)

ഒ.വാ. (1) 2 കൊരി. 7:4 ഞങ്ങളുടെ സകല കഷ്ടതയിലും സന്തോഷം എനിക്കു കവിഞ്ഞിരിക്കുന്നു.
(2) ഫിലി. 2:17 നിങ്ങളുടെ വിശ്വാസം എന്ന യാഗം അർപ്പിക്കുന്ന ശുശ്രൂഷയിൽ എന്റെ രക്തം ഒഴിക്കേണ്ടി വന്നാലും ഞാൻ സന്തോഷിക്കും.

VIII. യഹോവയുടെ വിമുക്തന്മാർ സീയോനിലേക്ക് മടങ്ങി വരുന്നത് എങ്ങനെ? അവരുടെ ഭാവി അനുഭവം എന്തായിരിക്കും?

ഉത്തരം യെശ. 51:11 യഹോവയുടെ വിമുക്തന്മാർ ഉല്ലാസഘോഷത്തോടെ സീയോനിലേക്ക് മടങ്ങി വരും; നിത്യാനന്ദം അവരുടെ തലയിൽ ഉണ്ടായിരിക്കും; അവർ ആനന്ദവും സന്തോഷവും പ്രാപിക്കും; ദുഃഖവും ഞരക്കവും ഓടിപ്പോകും. (യെശ. 35:10 കാണുക).

ഒ.വാ. (1) മത്താ. 8:11 കിഴക്കു നിന്നും പടിഞ്ഞാറു നിന്നും അനേകർ വന്ന് അബ്രഹാമിനോടും യിസഹാക്കിനോടും യാക്കോബിനോടും കൂടെ പന്തിക്കിരിക്കും. (2) മത്താ.13:43 നീതിമാൻമ്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂര്യനെപ്പോലെ പ്രകാശിക്കും. (3) 1 യോഹ. 3:2 അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുന്നതുപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശന്മാരാകും. (4) റോമ. 8:17 നാം മക്കൾ എങ്കിലോ അവകാശികളും ക്രിസ്തുവിന്നു കൂട്ടവകാശികളും തന്നേ. (5) ഫിലി. 3:21 നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്വമുള്ള ശരീരത്തോട് അനുരൂപമായി രൂപാന്തരപ്പെടുത്തും. യെശ. 60:19,20; ഫിലി. 3:21; വെളി.5:9; വെളി. 21:3,4; വെളി 22:4,5. ഇവയും കാണുക.

IX. സന്തോഷ പരിപൂർണ്ണതയും എന്നും പ്രമോദങ്ങളും ഉള്ളത് എവിടെ?

ഉത്തരം : സങ്കീ. 16:11 ദൈവത്തിന്റെ സന്നിധിയിൽ (മാത്രം) സന്തോഷപരിപൂർണ്ണതയും അവന്റെ വലത്തു ഭാഗത്ത് എന്നും പ്രമോദങ്ങളും ഉണ്ട്.

ഒ.വാ. (1) സങ്കീ. 89:16 അവൻ ഇടവിടാതെ നിന്റെ നാമത്തിൽ ഘോഷിച്ചുല്ലസിക്കുന്നു. (2). 2:28 നിന്റെ സന്നിധിയിൽ എന്നെ സന്തോഷ പരിപൂർണ്ണനാക്കും. (3) ഫിലി. 4:4 കർത്താവിൽ എപ്പോഴും സന്തോഷിപ്പിൻ. (4) യെശ. 35:10 നിത്യാനന്ദം അവരുടെ തലമേൽ ഉണ്ടായിരിക്കും.

# വാർത്തകൾ, കുറിപ്പുകൾ

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**ആനപ്പാറ** (ചിറ്റാർ) : അരനൂറ്റാണ്ടായി ഇവിടെയുള്ള പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടന്നുവരുന്നു. 1997–2006 വരെ സുവിശേഷകന്മാരായ രാജൻ വി.തോമസും എ.പി. സന്തോഷും ഇവിടെ പ്രവർത്തിച്ചുവന്നു. കഴിഞ്ഞ 2 വർഷമായി തൂക്കുപാലം ബ്രദ്റൺ അസംബ്ലിയുടെ കമന്റേഷനുള്ള സുവി. ബിനു എം. നൈനാൻ ഇവിടെയുള്ള പ്രവർത്തനങ്ങളിൽ സജീവമായി ചുമൽകൊടുത്തുവരുന്നു. തന്റെ പ്രവർത്തനഫലമായി ചിലർ മുമ്പോട്ടു വന്നിട്ടുണ്ട്. ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും പ്രതീക്ഷിച്ചുകൊള്ളുന്നു. സഭയുടെ കത്തിടപാടുകൾ ഈ വിലാസത്തിൽ അയച്ചാലും. ബിനു എം. നൈനാൻ, ആനപ്പാറ ബ്രദ്റൺ അസംബ്ലി, വയ്യാറ്റുപുഴ പി.ഒ., ചിറ്റാർ – 689663. സഭയ്ക്കുവേണ്ടി റ്റി.എ. ജോൺ, പി.വി. മാത്യു, ജോയിക്കുട്ടി ദാനിയേൽ

**ഉമ്രി** (ഒറീസ) : ഏറിയ നാളുകളായി 'സഭയായി' ഞങ്ങളുടെ പ്രാർത്ഥനയുടെ ഫലമായി സഹോ. സി.ജെ. വർഗ്ഗീസ് എണ്ണയ്ക്കാട് (മാവേലിക്കര) ബ്രദ്റൺ സഭയുടെ സമ്മതത്തോടെ ഇവിടുത്തെ പ്രവർത്തനങ്ങൾക്കായി കടന്നു വരികയും പ്രവർത്തനങ്ങളിൽ ഉത്സുകനായിരിക്കുകയും ചെയ്യുന്നു. കുട്ടികൾ ഒഴികെ 70ൽ അധികം പേർ പ്രാദേശിക സഹോദരീ സഹോദരന്മാർ ഇവിടെ കൂടിവരുന്നു. പ്രാദേശിക ഭാഷ (ഒറിയ) അറിയാവുന്നതിനാൽ 'ഉമ്രി' സഭയിലെ ശുശ്രൂഷകൾക്കും മറ്റ് സുവിശേഷ പ്രവർത്തനങ്ങൾക്കും താൻ പ്രയോജനപ്പെടും എന്നുള്ള വിവരം പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ദൈവജനത്തെ അറിയിച്ചുകൊള്ളട്ടെ. സഹോദരനെയും 4 മക്കൾ അടങ്ങിയ കുടുംബത്തെയും ഇവിടുത്തെ പ്രവർത്തനങ്ങളെയും ദൈവജനം പ്രാർത്ഥനയിൽ ഓർക്കണമേ. എന്ന് ഭക്തറാം നായക്, ക്രിസ്റ്റോദാൻ നാഗ്, റ്റി.എം.തോമസ്സ്കുട്ടി. സഹോദരന്റെ വിലാസം C.J. Varghese Evg., Brethren Assembly, Po Umuri, Via/ Jeypore, Orissa - 764002.

**ദുർഗ്ഗാപൂർ :** കഴിഞ്ഞ 36 വർഷങ്ങളായി ഈ പട്ടണത്തിൽ കുടുംബമായി കർത്തൃശുശ്രൂഷയിൽ തുടരുവാൻ കർത്താവ് സഹായിച്ചു. പ്രവർത്തനഫലമായി Durgapur, Labourhat, Andal, Kamalpur എന്നീ 4 സ്ഥലങ്ങളിൽ സഭാ കൂടിവരവുകൾ ഉണ്ടായി. 9 മാസങ്ങൾക്ക് മുമ്പ് കൊട്ടാരക്കര പുലമൺ അസംബ്ലിയുടെ കമാൻഡേഷനോടുകൂടി സിജി വർഗ്ഗീസ് കുടുംബമായി ദുർഗ്ഗാപ്പൂരിൽ എത്തിച്ചേർന്നു. ഞാനും സിജി വർഗ്ഗീസും യഥാക്രമം ദുർഗാപൂർ ബ്രദറൺ അസംബ്ലിയോടും Labourhat brethren Assembly യോടും സഹകരിച്ചു പ്രവർത്തിക്കുന്നു. ഞങ്ങൾ ഇരുവരും ബൈബിൾ ഭവനിൽ താമസിക്കുന്നു. എന്ന് എം.എസ്. ജേക്കബ്.

**വെള്ളറട :** കഴിഞ്ഞ 3 വർഷക്കാലമായി കന്യാകുമാരി ജില്ലയിലെ കളിയൽ, തൃപ്പരപ്പ് പ്രദേശങ്ങളിൽ വെള്ളറട സഭ പ്രവർത്തിച്ചതിന്റെ ഫലമായി അനേകർ രക്ഷിക്കപ്പെടുവാനും ചിലർ വേർപെട്ട് വരുവാനും ഇടയായി. ആയതിനാൽ കളിയൽ ദേശത്ത് ഒരു ആരാധനാകൂടിവരവിന്റെ ആവശ്യകത ബോധ്യമായതിനാൽ 2009 ജനു. 4ന് വെള്ളറട സഭയുടെ സഹകരണത്തിലും തിരുവനന്തപുരം കന്യാകുമാരി ജില്ലകളിലെ വേർപെട്ട സഭകളുടെ

---

**ചിന്തിച്ചാലും**

**ദൈവമക്കൾ നിത്യാനന്ദം അനുഭവിക്കുമ്പോൾ തങ്ങളുടെ രക്ഷിക്കപ്പെടാത്ത മക്കളും മറ്റു പ്രിയപ്പെട്ടവരും എവിടെയായിരിക്കും? നമ്മുടെ ഉത്തരവാദിത്വം എന്ത്?**

### ബൈബിൾ പ്രശ്നാവലി നം. 103 – ജയിച്ചവരുടെ മാർക്കു വിവരം

| | | |
|---|---|---|
| 1. | വത്സമ്മ തോമസ്, ജാൻസി | 172 |
| 2. | ജയിനമ്മ ശാമുവേൽ, പേരൂർക്കട | 167 |
| 3. | മേരി ജേക്കബ്, കല്ലിശ്ശേരി | 155 |
| 4. | സുജി ഷാജി, ഡാമൻ | 150 |
| 5. | സാം കിഴവറമണ്ണിൽ, മുബൈ | 147 |
| 6. | ഏലിയാമ്മ തോമസ്, രാജകുമാരി | 147 |
| 7. | അന്നമ്മ തോമസ്, പുല്ലാട് | 134 |
| 8. | ജസി. കെ. പോൾ, ഒറീസാ | 138 |
| 9. | ഏലിയാമ്മ ജേക്കബ്, വിശാഖപട്ടണം | 137 |
| 10. | ചിന്നമ്മ ശാമുവൽ, മുംബൈ | 134 |
| 11. | കുര്യൻ ജോസഫ്, മണ്ണാരത്തറ | 133 |
| 12. | ഫിലിപ്പോസ് ഏബ്രഹാം | 133 |
| 13. | തങ്കമ്മ ഡാനിയേൽ, തൃശൂർ | 129 |
| 14. | ജയിനമ്മ പൗലോസ്, പൂനൈ | 122 |
| 15. | ഏലിയാമ്മ കോശി, ബാംഗ്ളൂർ | 121 |
| 16. | സാറാമ്മ തോമസ്, കോട്ടയം | 121 |
| 17. | പി.റ്റി. ഫിലിപ്പ്,ബാംഗ്ളൂർ | 120 |
| 18. | സിസ്സി ബിം, മീനങ്ങാടി | 118 |
| 19. | ജസ്സി സാം, റാന്നി | 118 |
| 20. | ഒ.വി. ജോസഫ്, പുല്ലാട് | 110 |
| 21. | രത്നാ ജേക്കബ്, പുതുപ്പള്ളി | 110 |
| 22. | ആലീസ് സാം, സീബ് | 110 |
| 23. | സോഫി ജോർജ്ജ്, മേപ്രാൽ | 110 |
| 24. | ജി. കൃഷ്ണമ്മ തമ്പി, ആറാമട | 110 |
| 25. | അന്നമ്മ ചാക്കോ, മണ്ണാരത്തറ | 100 |
| 26. | ഷൈജാ സാബു, വെട്ടിയാർ | 100 |
| 27. | അന്നമ്മ മത്തായി, ചെന്നൈ | 100 |
| 28. | വിജയമ്മ സോമൻ, കലഞ്ഞൂർ | 100 |
| 29. | ആലീസ് കോര, പുതുപ്പള്ളി | 100 |

സാന്നിദ്ധ്യത്തിലും ഒരു സഭാകൂടിവരവ് ഉണ്ടാകുവാൻ ദൈവം കൃപചെയ്തു. അന്നേ ദിവസം വേർപെട്ട സഭകളിൽ നിന്നും 150ഓളം വിശ്വാസികൾ സംബന്ധിക്കുകയും യോഹന്നാൻ അബ്രാഹാം, തോമസ് കുര്യൻ എന്നിവർ ദൈവവചനത്തിൽ നിന്നും സംസാരിക്കുകയും ചെയ്തു. തുടർന്നും കളിയൽ പ്രദേശത്തെ പ്രവർത്തനങ്ങളെ ഓർത്ത് പ്രാർത്ഥിക്കണമേ. എന്ന് ബേബി ജോർജ്ജ്, പി. വി. വർഗ്ഗീസ്.

**ഇരിങ്ങാലക്കുട** : ബെഥേസ്ദ ബോയ്സ് ഹോമിന്റെ 100-ാം വാർഷികവും പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന ശുശ്രൂഷയും 2009 ജനു. 24-ന് നടന്നു. വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിശ്വാസികളും ബെഥേസ്ദാ കുടുംബാംഗങ്ങളും പങ്കെടുത്ത പ്രോഗ്രാമിൽ ഏബ്രഹാം തോമസ് കൊച്ചി, അദ്ധ്യക്ഷൻ ആയിരുന്നു. കുഞ്ഞുങ്ങൾക്കായി പണിത പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം വി. കുര്യാക്കോസ് കീഴില്ലം നിർവ്വഹിച്ചു. ബിനോയ് ഏബ്രഹാം സാമുവേൽ മുഖ്യ പ്രഭാഷണം നടത്തി. പ്രൊഫ. പി. എം. മാത്തുക്കുട്ടി സിംപ്സൺ (N.Z.), വിൽസൺ കെ. തോമസ്, ജോമോൻ തോമസ്, തോമസ് മൈക്കിൾ, രമേഷ് തുടങ്ങിയവർ വിവിധ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. എന്ന് ബെഥെസ്ദ ബോയ്സ് ഹോം ട്രസ്റ്റിനുവേണ്ടി ഡോ. ജോൺ ജോർജ്ജ്. മിസ് പി.എൻ. ട്രഷർ

## രോഗി

**തളിപ്പറമ്പ് :** സുവി. കെ.എം. ജോൺ കിഡ്നി സ്റ്റോണിനുള്ള ചികിത്സയിലായിരുന്നു. എന്നാൽ 17-01-09 ന് മൂത്രതടസ്സം നേരിട്ടതിനാൽ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലേക്ക് വിദഗ്ദചികിത്സയ്ക്കായി കൊണ്ടുപോയി. 2 കിഡ്നിയുടെയും പ്രവർത്തനം തകരാറിലായതിനാൽ രണ്ടിനും Bilateral PCN ട്യൂബുകൾ ഇട്ട് 24-1-09 വരെ ആശുപത്രിയിലും ഇപ്പോൾ ഭവനത്തിലും ആയിരിക്കുന്നു. തുടർന്ന് 9-2-09 ന് പരിശോധനയ്ക്കും സർജറിക്കുമായി വീണ്ടും അഡ്മിറ്റാകുവാൻ നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. പ്രിയ സഹോദരന്റെ പൂർണ്ണ സൗഖ്യത്തിനായി ദൈവജനം പ്രാർത്ഥിക്കുകയും ഭാരിച്ച ചികിത്സാ ചെലവിൽ സഹോദരനെ സഹായിക്കുകയും ചെയ്യുവാൻ സഭയായി അപേക്ഷിക്കുന്നു. വിലാസം. കെ.എം. ജോൺ, ഗോസ്പൽ സെന്റർ, പാപ്പിനിശ്ശേരി പി.ഒ., കണ്ണൂർ - 670561, ഫോൺ : 9495181788. എന്ന് കെ.എം.ബാബു, കെ.സി. ജോസഫ്, ഐസക് ഈട്ടിവിള.

## കൺവൻഷൻ/ക്യാമ്പ്

### എസ്.ബി.എസ്. ടീൻസ് സ്പെഷ്യൽ 2009

**ചേരപ്പള്ളി:** 2009 ഏപ്രിൽ 3 - 5 വരെ ചേരപ്പള്ളി ബ്രദറൺ സഭാഹാളിൽ വെച്ച് സുവിശേഷ യോഗം നടത്താൻ തീരുമാനിച്ചിരിക്കുന്നു. പ്രസംഗകൻ സണ്ണി തോമസ്, ശുശ്രൂഷകളുടെ അനുഗ്രഹകരമായ നടത്തിപ്പിനായും പാപികൾ മാനസാന്തരപ്പെട്ട് തിരിഞ്ഞു വരുന്നതിനായും പ്രാർത്ഥിക്കേണമേ. എന്ന് കെ. സത്യനേശൻ, എ. ജപമണി.

**വിമൻസ് ബൈബിൾ ക്യാമ്പ് 2009 നെല്ലിക്കുന്ന്**

**സ്ഥലം :** നെല്ലിക്കുന്ന് സിയോൺ ബ്രദറൺ ചർച്ച്

**തീയതി :** 2009 ഏപ്രിൽ 20 മുതൽ 24 വെള്ളി വരെ.

**പ്രായം :** 14 വയസ്സുമുതൽ പ്രായമുള്ളവർക്ക്

**ക്യാമ്പ് ലീഡേഴ്സ് :** വർഗ്ഗീസ് ജോൺ, ഡോ. ഷെർലി ജോയ് പണിക്കർ. ക്യാമ്പ് ഫീസ് : 50 രൂപാ. കൂടുതൽ വിവരങ്ങൾക്ക് : Mrs. Mariyamma James (Convener), Cheeran House, Nellikkunnu, Thrissur - 5, Ph: 0487 - 2427957 വരുന്നവർ ബൈബിൾ, പാട്ടുപുസ്തകം, നോട്ടുബുക്ക്, പേന മുതലായവ കൊണ്ടുവരണം എന്ന് കൺവീനർ.

(9,10,11,12 ക്ലാസ്സുകളിൽ മാർച്ചിൽ പരീക്ഷ എഴുതുന്നവർക്കു വേണ്ടി മാത്രം )

സ്ഥലം : എസ്.ബി.എസ്. ക്യാമ്പ് സെന്റർ, പുത്തൻകാവ്

സമയം : 2009 ഏപ്രിൽ 6, 4.00 - 11 ശനി 8.00 വരെ

യുവതലമുറയുടെ പ്രശ്നങ്ങളെ മനസ്സിലാക്കി മാർഗ്ഗനിർദ്ദേശം നൽകുന്നതും ഉപദേശ സത്യങ്ങളെ പഠിപ്പിക്കുകയും ചെയ്യുന്ന ഒരു സ്പെഷ്യൽ ക്യാമ്പ് മുകളിൽ കാണുന്ന സ്ഥലത്തും സമയത്തും സംഘടിപ്പിക്കുന്നു. ക്യാമ്പിലേക്ക് 9,10,11,12 ക്ലാസ്സുകളിൽ മാർച്ചിൽ പരീക്ഷ എഴുതുന്ന എല്ലാവരെയും സ്വാഗതം ചെയ്യുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 300 പേർക്കായിരിക്കും ക്യാമ്പിൽ പ്രവേശനം. ക്യാമ്പ് ലീഡേഴ്സ് : വർഗ്ഗീസ് കെ. കുര്യൻ, ജോസ് മാത്യൂസ്, ചാണ്ടപ്പിള്ള ഫിലിപ്പ്, ഏബ്രഹാം തോമസ് (കൊച്ചി), തോമസ് വർഗ്ഗീസ്, ഡോ. ചാൾസ് ഏബ്രഹാം, ജോസ് മാങ്കുടി, ഷിബു കെ. മാത്യു, ജോൺ സെബാസ്റ്റ്യൻ, കെ.വി. മാത്യു, ഏബ്രഹാം തോമസ് (പുല്ലാട്), ഡോ. ജോൺസൺ സി.ഫിലിപ്പ്, ജോയി ജോൺ, ചാൾസ് ജോൺ, ഡോ. ജോൺ ഏബ്രഹാം, ബിനു സാമുവേൽ, റെജി കെ. തോമസ്, തോമസ് വർഗ്ഗീസ്, ഡോ. ഷെർളി ജോയി പണിക്കർ, ഡോ. ലിസി പ്രസാദ്. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ നേരിട്ടോ സെന്റർ സെക്രട്ടറിമാർ മുഖേനയോ ബന്ധപ്പെടുക. കൂടുതൽ വിവരങ്ങൾക്ക് ഏബ്രഹാം തോമസ്, 09446554645, 04842336348, ബിനു സാമുവേൽ, 09447359183, എസ്.ബി.എസ്. ക്യാമ്പ് സെന്റർ - 04792452899

**വരേണിക്കൽ, മാവേലിക്കര :** വരേണിക്കൽ ബ്രദറൺ സഭയുടെ ആഭിമുഖ്യത്തിൽ 2009 ഏപ്രിൽ 1 -5 വരെ വി. ബി.എസും 2 സ്ഥലങ്ങളിൽ കൺൻഷനും ഉണ്ടായിരിക്കും. 250ൽ പരം കുട്ടികൾ പങ്കെടുക്കുന്ന വി.ബി.എസും ക്രമീകരിച്ചിരിക്കുന്നു.

**1. ചൂരല്ലൂർ കൺവൻഷൻ**

സ്ഥലം : കുറത്തിക്കാട് ജംഗ്ഷനിൽ നിന്നും 2 കി.മീ. കിഴക്ക് വരേണിക്കലിനു തെക്ക് ചൂരല്ലൂർ എൽ.എ.സി. കോളനിയിലുള്ള തെക്കേക്കര പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാൾ. തീയതി - 2009 ഏപ്രിൽ 1-3 വരെ.

സമയം : വൈകിട്ട് 6.30-9.00 വരെ

പ്രസംഗകർ - ചാണ്ടപ്പിള്ള ഫിലിപ്പ്, ഡോ. കെ.സി. ജോൺസൺ, ജോർജ്ജ് ചാക്കോ, ജേക്കബ് തോമസ്, ജി. ധർമ്മരാജ്.

**2. വരേണിക്കൽ കൺവൻഷൻ**

സ്ഥലം : വരേണിക്കൽ അംബേദ്കർ ജംഗ്ഷനു സമീപം പ്ലാവിളയിൽ എം.പി. ഗംഗാധരന്റെ ഭവനാങ്കണത്തിൽ തയ്യാർ ചെയ്യുന്ന പന്തൽ

തീയതി : 2009 ഏപ്രിൽ 4-5 വരെ

സമയം വൈകിട്ട് 6.30-9.00 വരെ.

പ്രസംഗകർ : ചാണ്ടപ്പിള്ള ഫിലിപ്പ്, പി.എം.മാത്തുക്കുട്ടി, വിത്സൺ കെ. തോമസ്. 2 യോഗങ്ങളിലും ഗാനശു

ശ്രൂഷ : ഡിവൈൻ ട്രംപറ്റ് നിർവ്വഹിക്കുന്നതായിരിക്കും. ഏപ്രിൽ 5 ഞായറാഴ്ച രാവിലെ 10 മുതൽ മാവേലിക്കര യിലും പരിസരങ്ങളിലുമുള്ള സഭകളുടെ സംയുക്ത സഭായോഗവും ക്രമീകരിച്ചിരിക്കുന്നു. ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കണമേ. സഭയ്ക്ക് വേണ്ടി ഡോ. കെ.സി. ജോൺസൺ, എൻ.പി. ഗംഗാധരൻ

## സുവിശേഷ വയലിലേക്ക്

**പള്ളികുത്ത് :** ഈ സ്ഥലം സഭാംഗം സഹോ. റ്റിജുമോൻ ചാക്കോ പള്ളിക്കുത്ത് സഭയോട് ചേർന്ന് കർത്താവിനെ ആരാധിച്ചു പോന്നിരുന്നു. വിദ്യാഭ്യാസ ശേഷം ജോലിയോടുള്ള ബന്ധത്തിൽ ബാംഗ്ലൂരിൽ ആയി രിക്കുകയും ആ നാളുകളിൽ അവിടെയുള്ള എബനേ സർ ബ്രദറൺ സഭയിൽ കർത്താവിനെ ആരാധിച്ചു പോന്നു. അവിടെവെച്ച് പൂർണ്ണസമയ സുവിശേഷ വേല യ്ക്കുവേണ്ടിയുള്ള കർത്താവിന്റെ വിളി അനുസരിച്ച് തന്റെ ജോലി വിടുകയും പത്തനംതിട്ട ബ്രദ്റൺ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്ന് പഠിക്കുകയും ചെയ്തു. പഠനം പൂർത്തീകരിച്ചതിന് ശേഷം തിരികെ ബാംഗ്ലൂരിൽ പോവുകയും അവിടെയുള്ള സഭയോട് ചേർന്ന് ശുശ്രൂഷകളിൽ ഏർപ്പെട്ടു വന്നു. ഇപ്പോൾ തന്റെ മാതൃസഭയായ പള്ളിക്കുത്ത് ബ്രദ്റൺ സഭയിൽ തിരികെ വരികയും അവിടെയുള്ള പ്രവർത്തനങ്ങളിൽ സഹകരിച്ച് മുൻപോട്ട് പോകുന്നു. തന്റെ പ്രവർത്തനങ്ങൾ സഭയ്ക്ക് ബോധ്യപ്പെടുകയും സഭ തന്നെ പൂർണ്ണസമയ സുവിശേ ഷകനായി അംഗീകരിച്ച് വിവരം ദൈവജനത്തെ അറി യിക്കുന്നു. താൻ മലപ്പുറം ജില്ലയിലെ നമ്മുടെ എല്ലാ പൊതു പ്രവർത്തനങ്ങളിലും സഹകരിച്ചു പോരുന്നു. സഹോദരനെയും തന്റെ കുടുംബത്തെയും പ്രാർത്ഥന യിൽ ഓർക്കുകയും സഹകരിക്കുകയും ചെയ്യുമല്ലോ. എന്ന് പള്ളിക്കുത്ത് സഭയ്ക്കുവേണ്ടി എൽ.എം. ജോൺ, ഒ.വി. ജോർജ്ജ്, എം.എസ്. ശമുവേൽ. സഹോദരന്റെ വിലാസം : Evg. Tijumon Chacko, Lahamannil House, Pallikkuth P.O., Chungathara, Nilambur - 679334, Ph: 04931 - 231 580

**ചിങ്ങവനം :** ഈ സഭയിൽ നിന്നും കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ പഠനം പൂർത്തിയാക്കി സുവിശേഷവേലയിലായിരിക്കുന്ന പി.എം. സജിമോനെ ഈ സഭയുടെ ശുശ്രൂഷകനായി അംഗീകരിച്ച് വേർപെട്ട ദൈവജനത്തിന്റെ അറിവിലേക്കായി കമന്റ് ചെയ്യുന്നു. തന്റെ വിളിയും തിരഞ്ഞെടുപ്പും സഭയ്ക്ക് ബോധ്യമായി രിക്കുന്നു. എന്ന് സഭയ്ക്കുവേണ്ടി ചെറിയാൻ തോമസ്, പി.വി. മത്തായി. സഹോദരന്റെ മേൽവിലാസം പി.എം. സജിമോൻ, കണിയാംപറമ്പിൽ, ഈര പി.ഒ., ആലപ്പു ഴ-686531.

**ദുർഗ് (ഛത്തിസ്ഗഡ്) :** ഈ സഭാംഗവും ഇലന്തൂർ പരിയാരം തോമ്പിൽ വടക്കേതിൽ പരേതനായ വി. തോമസ് ബേബിയുടെ മകൻ ശമുവേൽ ബി. തോമസ് (മോനി) തനിക്കുണ്ടായിരുന്ന ജോലി രാജിവച്ച് കഴിഞ്ഞ 2 വർഷമായി മഥുര സഭയോടുള്ള ബന്ധത്തിൽ സഭാ ശുശ്രൂഷകളിലും സുവിശേഷ പ്രവർത്തനങ്ങളിലും ഏർപ്പെട്ടുവരുന്നു. സുവിശേഷ വേലയ്ക്കുള്ള വിളിയും സമർപ്പണവും തന്റെ സാക്ഷ്യത്തിലും ശുശ്രൂഷകളിലും സഭയ്ക്ക് ബോധ്യപ്പെട്ടതിനാൽ സഹോദരനെ പൂർണ്ണസ മയ സുവിശേഷകനായി സഭയായി പ്രാർത്ഥിച്ചു ദൈവ കരങ്ങളിൽ ഭരമേല്പിച്ചിരിക്കുന്നു എന്നുള്ള വിവരം പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി അറിയച്ചുകൊ ള്ളുന്നു. തനിക്ക് ഭാര്യയും 2 കുട്ടികളും ഉണ്ട്. വിലാസം Samuel B. Thomas, 12/2, Pratap Park, Mathura Cantt (U.P.)-281002. എന്ന് സഭയ്ക്കുവേണ്ടി വി.എം. മാമ്മൻ, പി.ജി. തോമസ്, കെ.വി. തങ്കച്ചൻ.

## അഭ്യർത്ഥന

**ഹരിയാന -റോത്തക്ക് :** 1995 മുതൽ ഇവിടെ ഒരു പ്രവർത്തനമാരംഭിച്ചു. ഇപ്പോൾ 50ഓളം പേർ കൂടി വരു ന്നു. സുവി. പി.എസ്. സണ്ണിയും കുടുംബവും താമസി ക്കുന്ന വാടകവീട്ടിലാണ് സഭാകൂടിവരവുകൾ നടക്കുന്ന ത്. തുടർച്ചയായ വീടുമാറ്റവും സ്ഥലപരിമിതിയും പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നു. റോത്തക്ക് ഹരിയാനയിലെ അതിവേഗം വളരുന്ന ഒരു പട്ടണമായതിനാൽ വലിയ വാടക നൽകുന്നതിലും പ്രയാ സമനുഭവിക്കുന്നു. ഇവിടെ സ്റ്റീവാർഡ് അസ്സോസിയേ ഷന്റെ പേരിൽ ഒരു സഭാഹാൾ ഉണ്ടാകുവാനായി പ്രാർത്ഥിച്ച് ചില ക്രമീകരണങ്ങൾ ചെയ്തുവരുന്നു. അതി നായി 15 ലക്ഷം രൂപ വേണ്ടി വരും. ഒരു ലക്ഷം രൂപമാ ത്രമേ ഞങ്ങളുടെ കൈവശമുള്ളൂ. വളരെ നിർദ്ധനരും പാവപ്പെട്ടവരുമാണ് ഇവിടുത്തെ വിശ്വാസികൾ. ഈ ആവ ശ്യത്തിലേക്കായി Banwar Venus, Philip Mathew, P.S. Sunny എന്നിവരുടെ പേരിൽ ഒരു ജോയിന്റ് അക്കൗണ്ട് ബാങ്ക് ഓഫ് ഇന്ത്യയിൽ ആരംഭിച്ചിട്ടുണ്ട്. A/c No. 11297 കൂട്ടായ്മ അയയ്ക്കേണ്ട വിലാസം, Rohtak Brethren Assembly P.O. Box 68, 1640/12 Court Lane, Rohtak - 124001, Haryana സഭയ്ക്കു വേണ്ടി Govind, Banwar Venus, P.S. Sunny (Evg.) മുകളിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സാക്ഷ്യപ്പെടുത്തിയിരിക്കുന്നവർ ആർ.പി. ശാമുവേൽ - സ്റ്റീവാർഡ് അസ്സോസിയേഷൻ ചെയർമാൻ, ഡൽഹി. റ്റി.എ. അലക്സാണ്ടർ (ഇവാ.), ന്യൂഡൽഹി, തിലക് പാപ്പു (ഇവാ.) ഹരിയാന.

**അടൂർ :** ഏറത്തു ബ്രദ്റൺ സഭയുടെ പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ട് 40ൽ അധികം വർഷങ്ങൾ കഴിഞ്ഞു. 40ൽ അധികം വിശ്വാസികൾ ആരാധനയ്ക്കായി കൂടി വരുന്നു. എല്ലാവരും സാധുക്കളും കൂലിവേല ചെയ്ത് ഉപജീവനം കഴിക്കുന്നവരുമാണ്. സഭാഹാൾ ബലഹീന മായി കേടുപാടുകൾ സംഭവിച്ചതുകൊണ്ട് 40x20 അള വിൽ ഒരു പുതിയ കെട്ടിടത്തിന്റെ നിർമ്മാണം 2007 - ൽ ആരംഭിച്ചു. ദൈവജനത്തിന്റെ പ്രാർത്ഥനയാലും സഹാ യസഹകരണത്താലും കെട്ടിടം വാർപ്പുവരെയുള്ള പണി കൾ തീർന്നു. തുടർന്നുള്ള പണികൾ പൂർത്തിയാക്കേ ണ്ടിയിരിക്കുന്നു. ആയതിലേക്ക് ഒന്നരലക്ഷത്തോളം രൂപ വേണ്ടിവരും. ഈ ആവശ്യത്തിലേക്ക് ദൈവജനത്തി ന്റെയും സഭകളുടെയും ആത്മാർത്ഥമായ സഹകരണ ങ്ങളും അപേക്ഷിക്കുന്നു. അടൂർ ഫെഡറൽ ബാങ്കിൽ ഏറത്തു ബ്രദ്റൺ അസംബ്ലി എന്ന പേരിൽ Ac No. 20640 എന്ന ജോയിന്റ് അക്കൗണ്ട് ഉണ്ട്. കൂട്ടായ്മകൾ ഈ അക്കൗണ്ടിൽ എൻ.ഡി. ജോയി, നെല്ലിക്കുന്നിൽ വീട്, വയലാ പി.ഒ., പറക്കോട് - 691554 എന്ന വിലാസത്തിൽ അയയ്ക്കണമേ എന്ന് എൻ.ഡി. ജോയി, ഡി. ബാബു, എസ്. ചാക്കോ.

## വിലാസ മാറ്റം

1). Emmanuel Brethren Assembly, C/o C.M. Chacko (Evg.), Thottiyil House, Valakuzhy P.O., Vennikulam. Ph: 0469 2654113, Mob:9495033358. സഭയ്ക്കുവേണ്ടി,

രാജു കെ. തോമസ്, രത്നാകരൻ കെ., റോയി ജേക്കബ് പൊന്നൂസ്.

2). Y. Bovas (Evg.), Bethel Brethren Assembly, Vanganoor P.O., Thiruvananthapuram - 695523. സഭയ്ക്കു വേണ്ടി ബാബു ബി, സോമൻ സി., അപ്പുക്കുട്ടൻ എം.

## വിവിധ വിഷയങ്ങൾ

### BBI PATHANAMTHITTA

### Admission Notice

Applications are invited from born again, baptised and dedicated bachelors who are 17 and above for admission to the following courses commencing from 2nd May, 2009.

**1. B.Th. Programme**

BBI offers a 3 year Bachelor of Theology programme in English medium. Those who have passed Pre-degree/+2/Intermediate or its equivalent may apply for the B.Th. programme. Those who have successfully completed a 2 year Bible School training in English medium after passing their S.S.L.C. also will be admitted to the B.Th. programme. In exceptional cases +2 failed candidates also will be considered for this course. There is no fee for this programme.

**2. P.G. Programmes**

BB1 offers a 2 year residential **Master of Divinity** (M.Div.) programme and a 4 year residential Master of Theology (M.Th.) programme. Those who have passed B.Th. or its equivalent with $C^+$ *(75%* Marks) may apply for these programmes. Those who have passed a secular degree with a 2nd class may also apply for the M.Div.Programme. There is a nominal fee for this programme.

Prospectus and application forms can be had from the **REGISTRAR, BRETHREN BIBLE INSTITUTE, P.O. BOX. 46, PATHANAMTHITTA, KERALA - 689 645** by paying rupees 50 by means of M.O. Prospectus and Application forms can be down loaded from our web site <www.bbipta. com>. The last date for submitting the application is April 6,2009.

**M.T. George, Secretary**

**ഒരു തിരുത്ത്**

2009 ഫെബ്രു. ലക്കം മാസികയുടെ പേജ് 3 ന്റെ 2–ാം ഖണ്ഡികയുടെ 5–ാം വരിയിൽ ഒരു പുൽക്കൂട്ടിൽ എന്നത് ഒരു വീട്ടിൽ എന്ന് തിരുത്തി വായിക്കണമേ. (പബ്ലിഷർ)

**കെ.ഇ.എം.ഫണ്ട് വാർഷിക റിപ്പോർട്ട് 2007–08**

ഫണ്ടിന്റെ 64–ാമത് വാർഷിക റിപ്പോർട്ട് 2007 – 08 പ്രസിദ്ധീകരിച്ചിരിക്കുന്നു. കോപ്പികൾ ആവശ്യമുള്ളവർക്ക് സെക്രട്ടറിയിൽ നിന്നും ലഭിക്കുന്നതായിരിക്കും. സാമ്പത്തിക വർഷം പലിശ ഉൾപ്പെടെ ആകെ വരവ് 1,89,13,622/– രൂപയും ചെലവ് 1,78,84,377.30 രൂപയും ആണ്. കേരളത്തിലും വെളിയിലും പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കും ലിസ്റ്റിൽ ഉൾപ്പെടാതെയുള്ള

RN.No. 36067/ 81
Postal Reg. No. KL/TLA/44/2009-11 dt.14-11-08
ആത്മപ്രകാശിനി
If undelivered Please return to:
Athma Prakashini
P.B.No.10
Kumbanad
Thiruvalla 689 547
Printed and Published by
C.A.George
at Excel Offset Printers, Omallor

സുവിശേഷകന്മാർക്കും നിർദ്ദിഷ്ഠദാനമായി ദാതാക്കളുടെ നിർദ്ദേശപ്രകാരം മറ്റ് ആവശ്യങ്ങൾക്കും കൊടുത്ത തുകയും ചെലവിൽ ഉൾപ്പെടുന്നു. ഈ സാമ്പത്തീക വർഷം ഫണ്ടിന്റെ വരവിനത്തിൽ കാര്യമായ വർദ്ധനവുണ്ടായിട്ടില്ല. അതിനാൽ വിദേശത്തും സ്വദേശത്തുമുള്ള സഭകളും വിശ്വാസികളും ദൈവം തരുന്ന പ്രേരണയനുസരിച്ച സാമ്പത്തീക കൂട്ടായ്മ സെക്രട്ടറി കെ.ഇ.എം. ഫണ്ട്, വേളൂർ, കോട്ടയം 686003 എന്ന വിലാസത്തിൽ മാർച്ച് 31 ന് മുമ്പായി ലഭിക്കത്തക്കവണ്ണം അയയ്ക്കണമേ. ഇതുവരെ സഹകരിച്ച എല്ലാവരോടും ഫണ്ടിനുള്ള നന്ദി അറിയിക്കുന്നു. (CAG)

**ഇൻഡ്യൻ ഇവാഞ്ചലിക്കൽ ട്രസ്റ്റ്** : ആത്മീയന്മാരായ ദൈവദാസന്മാർ പ്രാർത്ഥനയോടെ കാര്യങ്ങൾ ആലോചിച്ച് അർഹരായവരെ പതിവായി സാഹായിക്കുന്ന രീതിയാണ് ട്രസ്റ്റിനുള്ളത്. നിയമാനുസൃതമായും സുതാര്യമായും അംഗീകൃത ഓഡിറ്റിംഗിന് വിധേയമായിട്ടുമാണ് ട്രസ്റ്റ് പ്രവർത്തിക്കുന്നത്. ട്രസ്റ്റിലേക്ക് സഹായം എത്തിക്കുന്ന സഭകൾക്കും വ്യക്തികൾക്കും കർത്തൃനാമത്തിൽ നന്ദി അറിയിക്കുന്നു. ഒരു വലിയ വേല നമ്മുടെ മുമ്പിൽ ഉണ്ട്. സുവിശേഷീകരണം വെല്ലുവിളി നേരിടുന്ന കാലഘട്ടമാണിത്. പ്രതികൂലസാഹചര്യങ്ങളിൽ വർദ്ധിച്ചു വരുന്ന ജീവിത ചെലവും ആവശ്യങ്ങളും കർത്തൃദാസന്മാരേയും കുടുംബങ്ങളെയും വിഷമിപ്പിക്കുന്നു. സഭകളും വ്യക്തികളും ഉണർത്തപ്പെടുകയും സഹകരിക്കുകയും ചെയ്യുമെങ്കിൽ കുറേക്കൂടി മെച്ചപ്പെട്ട സഹായം സുവിശേഷ വയലുകളിൽ അദ്ധ്വാനിക്കുന്നവർക്ക് എത്തിച്ചുകൊടുക്കാൻ കഴിയും. അതോടൊപ്പം പുതിയ സുവിശേഷകന്മാരെ സഹായിപ്പാനും കഴിയും. ഇപ്പോൾ 600 ൽ അധികം സുവിശേഷകന്മാരെ സഹായിക്കുന്നുണ്ട്. ദൈവമക്കളിൽ നിന്നും ലഭിക്കുന്ന സഹായങ്ങളല്ലാതെ മറ്റ് വരുമാനമാർഗ്ഗങ്ങൾ ട്രസ്റ്റിനില്ല. ദൈവജനത്തിന്റെ സഹകരണവും പ്രാർത്ഥനയും ട്രസ്റ്റിന്റെ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാണ്. ദൈവം തരുന്ന പ്രേരണയ്ക്കനുസൃതമായി ഒരു പങ്ക് വഹിക്കാൻ കർത്താവ് ഓരോരുത്തരെയും ബലപ്പെടുത്തട്ടെ. കർതൃശുശ്രൂഷയിൽ പ്രസിഡന്റ് റ്റി.ജോൺസൺ, സെക്രട്ടറി കേണൽ അലക്സ് വർഗ്ഗീസ്.